بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം
9

ലക്കം
34

വാർഷിക
വരിസംഖ്യ
600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2024 ഓഗസ്റ്റ് 22/ഹി.ശം 1403 ള്വുഹൂർ 22/ഹി:ഖ 1446 സ്വഫർ 16

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ ازۡدَادُوۡا کُفۡرًا لَّمۡ یَکُنِ اللّٰہُ لِیَغۡفِرَ لَہُمۡ وَلَا لِیَہۡدِیَہُمۡ سَبِیۡلًا ۝(النساء:138)

വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നേയും വിശ്വസിക്കുകയും പിന്നേയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർധിക്കുകയും ചെയ്തവരാരോ, അല്ലാഹു അവർക്കൊരിക്കലും പൊറുത്തുകൊടുക്കുകയില്ല. അവർക്ക് അവൻ (മോക്ഷ)മാർഗം കാണിച്ചുകൊടുക്കുകയുമില്ല.'

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

(1038) സയ്ദ് ബിൻഖാലിദ് ജഹന്നി[റ] നിവേദനം. ഹുദയ്ബിയായിൽവച്ച് രാത്രി മഴ ലഭിച്ചതിനുശേഷമുള്ള ഒരു സ്വുബ്ഹി നമസ്കാരം നബി[സ] തിരുമേനി ഞങ്ങളുമായി നമസ്കരിച്ചു. നമസ്കാരത്തിൽനിന്ന് നബി[സ] വിരമിച്ചപ്പോൾ ജനങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ട് അവിടന്ന് പറഞ്ഞു: ഇന്ന് രാത്രി നിങ്ങളുടെ രക്ഷിതാവ് എന്താണ് പ്രസ്താവിച്ചതെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു, അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും നന്നായി അറിയുന്നത്. നബി[സ] പറഞ്ഞു: ഇന്ന് എന്റെ അടിയാന്മാരിൽ ഒരു വിഭാഗം എന്നിൽ വിശ്വസിച്ചുകൊണ്ടും മറ്റൊരു വിഭാഗം എന്നെ നിഷേധിച്ചുകൊണ്ടും പ്രഭാതത്തിൽ പ്രവേശിക്കും. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടും കാരുണ്യംകൊണ്ടും ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നിൽ വിശ്വസിച്ചു. എന്നാൽ, ഞാറ്റുവേലകൊണ്ട് ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നെ നിഷേധിക്കുകയും ഞാറ്റുവേലയിൽ വിശ്വസിക്കുകയും ചെയ്തു.

(1039) ഇബ്നു ഉമർ[റ] നിവേദനം. നബി[സ] തിരുമേനി പറഞ്ഞു: അദൃശ്യകാര്യങ്ങളുടെ താക്കോൽ അഞ്ചു കാര്യങ്ങളാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവയെ കുറിച്ച് അറിയാൻ കഴിയുകയില്ല. നാളെ എന്തു സംഭവിക്കുമെന്നും സ്ത്രീകളുടെ ഗർഭപാത്രങ്ങളിൽ എന്താണ് ജന്മംകൊള്ളുകയെന്നും താൻ നാളെ എന്താണ് പ്രവർത്തിക്കുകയെന്നും ഒരാൾക്കും അറിയാൻ കഴിയുകയില്ല. എപ്പോഴാണ് മഴ വർഷിക്കുകയെന്നും ഒരു മനുഷ്യനും അറിയാൻ കഴിയുകയില്ല. *(സ്വഹീഹ് ബുഖാരി, കിതാബുൽഇസ്തിസ്ഖാ, പ്രസാധനം ഖാദിയാൻ 2006)*

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
12 ജൂലൈ 2024

റിപ്പോർട്ട് : ജർമൻ പര്യടനം

**പരസ്പരം സാഹോദര്യവും സ്നേഹവുമുണ്ടാക്കുക. മൃഗീയതയും വിഭിന്നതയും ഒഴിവാക്കുക. ഓരോ തരത്തിലുള്ള എല്ലാ അശ്ലീലങ്ങളിൽനിന്നും പരിഹാസങ്ങളിൽനിന്നും പൂർണമായും ഒഴിഞ്ഞുമാറുക. കാരണം പരിഹാസം മനുഷ്യമനസ്സിനെ സത്യസന്ധതയിൽനിന്ന് അകറ്റിക്കൊണ്ടുപോയി എവിടെയോനിന്ന് എവിടെയോ കൊണ്ടെത്തിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

### സ്വന്തം ജീവിതത്തിൽ മാറ്റമുണ്ടാക്കുക

അല്ലാഹു ആഗ്രഹിക്കുന്നത് ചെയ്യുന്നു എന്നതാണ് യഥാർഥകാര്യം. അവൻ ജനവാസമില്ലാത്ത സ്ഥലത്തെ ജനവാസമുള്ളതും വൻജനവാസമുള്ള സ്ഥലത്തെ ജനവാസമില്ലാത്തതുമാക്കുന്നു. ബാബിലിനെ എന്താണ് ചെയ്തത്? അവിടെ ജനവാസമുള്ളതാക്കുക എന്നത് മനുഷ്യപദ്ധതിയായിരുന്നു. അവിടെ ജനവാസമില്ലാത്തതായി. മൂങ്ങകളുടെ ആവാസകേന്ദ്രമായി. മനുഷ്യൻ ആഗ്രഹിച്ചിട്ടും ജനവാസമില്ലാത്തതായി. മുഴുലോകത്തിന്റേയും മടക്കസ്ഥാനമായി. അതിനാൽ നല്ലവണ്ണം ഓർത്തുകൊള്ളുവിൻ! മരുന്നിലും ഉപായങ്ങളിലും വിശ്വസിച്ച് അല്ലാഹുവിനെവിട്ട് അതിൽ വിശ്വാസമർപിക്കൽ വിഡ്ഢിത്തമാണ്. തികച്ചും പുതിയ ജീവിതം വേണ്ടതാണ്. ഇസ്തിഗ്ഫാറിന്റെ ആധിക്യമുണ്ടാകണം. ജോലിത്തിരക്ക് ധാരാളമുള്ളവർ കൂടുതൽ ഭയപ്പെടേണ്ടതാണ്. ജോലിക്കാരുടെ അധികമായ നിർബന്ധകടമളും മരിച്ചുപോകുന്നു. അതിനാൽ ചിലപ്പോൾ ള്വുഹ്റും അസ്വ്റും ജംആക്കി നമസ്കരിക്കുന്നതും മഗ്രിബും ഇശായും ജംആക്കി നമസ്കരിക്കുന്നതും അനുവദനീയമാണ്. ഭരണകർത്താക്കളോടും നമസ്കാരത്തിന് പോകാൻ അനുവാദം ചോദിച്ചാൽ അനുവാദം കൊടുക്കുമെന്ന് എനിക്കറിയാം. മേലുദ്യോഗസ്ഥന്മാരിൽനിന്ന് കീഴുദ്യോഗസ്ഥന്മാർക്ക് നിർദേശവുമുണ്ടാകുന്നു. നമസ്കാരം ഉപേക്ഷിക്കുന്നതിൽ അനാവശ്യമായിട്ടുള്ള ഒഴികഴിവ് സ്വന്തം ആത്മാവിന്റെ പക്വതയില്ലായ്മ അല്ലാതെ മറ്റൊന്നുമല്ല. മനുഷ്യരോടുള്ള കടമകളിലും അല്ലാഹുവിനോടുള്ള കടമളിലും അക്രമം ചെയ്യാതിരിക്കുക.

### അല്ലാഹുവിന്റെ പ്രിയപ്പെട്ടവരിലാകുക.

കാലം വളരെ ഗൗരവമേറിയതാണ്. അല്ലാഹുവിന്റെ കോപത്തെ എല്ലാവരും ഭയപ്പെടേണ്ടതാണ്. അല്ലാഹു ആരേയും വകവെക്കാറില്ല;എന്നാൽ, സാത്വികരായ ദാസരേ!പരസ്പരം സാഹോദര്യവും സ്നേഹവുമുണ്ടാക്കുക. മൃഗീയതയും വിഭിന്നതയും ഒഴിവാക്കുക. ഓരോ തരത്തിലുള്ള എല്ലാ അശ്ലീലങ്ങളിൽനിന്നും പരിഹാസങ്ങളിൽനിന്നും പൂർണമായും ഒഴിഞ്ഞുമാറുക. കാരണം പരിഹാസം മനുഷ്യമനസ്സിനെ സത്യസന്ധതയിൽനിന്ന് അകറ്റിക്കൊണ്ടുപോയി എവിടെയോനിന്ന് എവിടെയോ കൊണ്ടെത്തിക്കുന്നു. പരസ്പരം മാന്യതയോടെ പെരുമാറുക. ഓരോരുത്തരും സ്വന്തം സുഖത്തെക്കാൾ തന്റെ സഹോദരന്റെ സുഖത്തിന് മുൻതൂക്കം കൊടുക്കുക. അല്ലാഹുവുമായി സത്യസന്ധമായൊരു രഞ്ജിപ്പുണ്ടാക്കുക. അവന്റെ അനുസരണത്തിൽ മടങ്ങിവരിക. അല്ലാഹുവിന്റെ കോപം ഭൂമിയിലുണ്ടായിക്കൊണ്ടിരിക്കുന്നു. പൂർണമായ നിലയിൽ തങ്ങളുടെ സകല പാപങ്ങളിൽനിന്ന് തൗബ ചെയ്ത് അഥവാ പശ്ചാത്തപിച്ച് അവന്റെ തിരുസന്നിധിയിൽ വരുന്നവർ മാത്രമാണ് അതിൽ നിന്ന് രക്ഷപ്പെടുന്നവർ. *(മൽഫൂദാത്ത് വാല്യം 3, പേജ് 16, പ്രസാധാനം ഖാദിയാൻ 2010)*

**തങ്ങളിൽപ്പെട്ട ഒരാൾക്ക് എങ്ങനെ വഹ്‌യ് വന്നു എന്നതിൽ സത്യനിഷേധികൾക്ക് അത്ഭുതമായിരുന്നു. ഇതേ അവസ്ഥതന്നെയാണ് ഇന്നത്തെ മുസ്‌ലിമീങ്ങളുടേതും!ഹദ്റത്ത് ഈസാ[അ] ആകാശത്തുനിന്നു വന്ന് തങ്ങളെ അധഃപതനത്തിൽനിന്നും കാലദോഷത്തിൽനിന്നും പുറത്തുകൊണ്ടുവരുമെന്നും തങ്ങളെ ചികിത്സിക്കുന്നയാൾ തങ്ങളിൽനിന്ന് ജനിക്കുകയില്ലെന്നും അവരും പറയുന്നു.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] യൂനുസ് എന്ന അധ്യായത്തിലെ 4-ാമത്തെ വചനമായ ***അകാന ലിന്നാസി അജബൻ അൻ ഔഹയ്നാ ഇലാ റജുലിൻ മ്മിൻഹും*** (മനുഷ്യർക്ക് ഒരത്ഭുതമായിപ്പോയോ, അവരിൽപ്പെട്ട ഒരാൾക്ക് നാം വഹ്‌യ്(ദിവ്യബോധനം) നൽകിയത്?) എന്ന ആയത്തിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

തങ്ങളിൽപ്പെട്ട ഒരാൾക്ക് എങ്ങനെ വഹ്‌യ് വന്നു എന്നതിൽ സത്യനിഷേധികൾക്ക് അത്ഭുതമായിരുന്നു. അധഃപതിച്ച ജനതകളിൽ തങ്ങളിൽനിന്ന് വലിയ മനുഷ്യരുണ്ടാകുകയില്ലെന്ന തോന്നൽ എപ്പോഴുമുണ്ടാകാറുണ്ട്! സത്യനിഷേധികൾ തങ്ങളുടെ അവസ്ഥകൊണ്ട് എത്രമാത്രം നിരാശരായിരുന്നുവെന്നാൽ, അവർക്കുള്ള ചികിത്സ അവരിൽത്തന്നെയുണ്ടെന്ന് കാര്യം അവർക്ക് വിശ്വസിക്കാനെ കഴിഞ്ഞിരുന്നില്ല. അവർ വിചാരിച്ചിരുന്നത് അവരെ വർധിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചികിത്സിക്കുന്നതിനും പുറത്തുനിന്ന് ആരെങ്കിലും വരണമെന്നായിരുന്നു. ഇതേ അവസ്ഥതന്നെയാണ് ഇന്നത്തെ മുസ്‌ലിമീങ്ങളുടേതും! ഹദ്റത്ത് ഈസാ[അ] ആകാശത്തുനിന്ന് വന്ന് തങ്ങളെ അധഃപതനത്തിൽനിന്നും കാലദോഷത്തിൽനിന്നും പുറത്തുകൊണ്ടുവരുമെന്ന് അവരും പറയുന്നു. തങ്ങളെ ചികിത്സിക്കുന്നയാൾ തങ്ങളിൽനിന്ന് ജനിക്കുകയില്ല! ഇക്കാര്യത്തിൽ അവർക്ക് മുൻസമുദായങ്ങളുമായി എത്രമാത്രം യോജിപ്പാണുള്ളത്! അതേ നിരാശയും അതേ ചികിത്സാ മാർഗവും!

സാമൂഹികമായ പുരോഗതിക്കുവേണ്ടി ഒന്നുകിൽ അവർ ആശിച്ചിട്ടില്ലാ

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ബനൂമുസ്ത്വലിഖ് യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണം.**
**മുഹർറമിന്റെ ദിനങ്ങളിൽ സ്വലാത്ത് ചൊല്ലുന്നതിനും ദുആ ചെയ്യുന്നതിനും ഉപദേശം.**

**ബനൂമുസ്ത്വലിഖിന്റെ നേതാവ് ഹാരിഥ് ബിൻ അബീ ളിറാർ തന്റെ ഗോത്രത്തേയും അറബികളേയും നബി(സ) തിരുമേനിക്കെതിരിൽ യുദ്ധത്തിനു തയ്യാറാക്കുകയും മദീനക്ക് സമീപം 96 മൈൽ ദൂരെ ഒരു സ്ഥലത്ത് സൈന്യങ്ങളെ ഒരുമിച്ചു കൂട്ടാൻ തുടങ്ങുകയും ചെയ്തു.**

**ബനൂമുസ്ത്വലിഖ് ദിനത്തിൽ മുസ്‌ലിമീങ്ങളുടെ തിരിച്ചറിയൽ അടയാളം (കോഡ് ഭാഷ) 'യാ മൻസ്വൂർ, അമിത്ത് അമിത്ത്' എന്നതായിരുന്നു.**

**ഈ ദിവസങ്ങളിൽ അഹ്മദികൾ സ്വലാത്തു ചൊല്ലാനും മുസ്‌ലിമീങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ അവസ്ഥകളെ നന്നാക്കാനും അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും വേണം.**

---

**ബോഞ്ചാ മഹ്മൂദ് സാഹിബ് (Bondja Mahmoud)ശേഹീദ് ഓഫ് ടോഗോ, റശീദ് അഹ്മദ് സാഹിബ് സാബിഖ് മുആവിൻ നാളിർ ഉമൂറെ ആമ, ചൗദ്‌രീ മുത്വീഉർറഹ്മാൻ സാഹിബ് നാഇബ് നാളിർ ഉമൂറെ ആമ, മഹ്മൂദ് അഹ്മദ് ബട്ടി സാഹിബ് ഓഫ് സർഗോദ ജമാഅത്തിന്റെ ഭാര്യ മൻളൂർ ബീഗം സാഹിബ, ഹദ്റത്ത് ലീഫത്തുൽമസീഹ് ഥാനീയുടെ(റ) ബോഡിഗാർഡ് ഖുശീ അഹ്മദ് സാഹിബിന്റെ മകൻ മാസ്റ്റർ സആദത്ത് അഹ്മദ് അശ്റഫ് തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2024 ജൂലൈ 12, 1403 വഫാ 12**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ايده الله تعالىٰ بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ ബനൂമുസ്ത്വലിഖ് അഥവാ ഗസവയെ മുറയ്സീഅ് എന്നറിയപ്പെടുന്ന യുദ്ധത്തെപ്പറ്റി പറയുന്നതായിരിക്കും. ഈ യുദ്ധം എപ്പോഴാണ് നടന്നത്? ഇതിനെ സംബന്ധിച്ച് നബിചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. അല്ലാമ ഇബ്നു ഇസ്ഹാഖ് ത്വബ്‌രിയുടേയും ഇബ്നു ഹിശാമിന്റേയും വീക്ഷണത്തിൽ ബനൂമുസ്ത്വലിഖ് യുദ്ധം ഹിജ്റ ആറാം വർഷം ശഅ്ബാൻ മാസമാണുണ്ടായത്. *(അസ്സീറത്തുന്നബ്‌വിയ്യ, ഇബ്നു ഇസ്ഹാഖ് പേജ് 439, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (അസ്സീറത്തുന്നബ്‌വിയ്യ, ലിഇബ്നിഹിശാം പേജ് 669-670, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (താരീഖ് ത്വബ്‌രി വാള്യം 2, പേജ് 109, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ചിലർ ഇത് ഹിജ്റ അഞ്ചാം വർഷമാണെന്ന് നടന്നതെന്ന് പറയുന്നു. *(ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാള്യം 2, പേജ് 48, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)(കിതാബുൽ മഗാസി ലിൽവാഖ്ദി വാള്യം 1, പേജ് 341, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2004)*

സ്വഹീഹ് ബുഖാരിയിൽ മൂസാ ബിൻ ഉഖ്ബ(റ)നിവേദനം. അദ്ദേഹം പറയുന്നു: ബനൂമുസ്ത്വലിഖ് യുദ്ധം ഹിജ്റ നാലാം വർഷമാണ് നടന്നത്. എന്നാൽ, ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജ്ർ അസ്ഖലാനി എഴുതുന്നു: 'ഇത് എഴുത്തിൽ വന്ന അബദ്ധമാണ്. അവർ ഹിജ്റ അഞ്ചാം വർഷം എന്ന് എഴുതാനാണ് ആഗ്രഹിച്ചത്. പക്ഷേ, ഹിജ്റ നാലെന്ന് എഴുതപ്പെട്ടുപോയി.' *(ഫത്ഹുൽബാരീ വാള്യം 7, പേജ് 430, കിതാബുൽമഗാസി, മക്തബത്തുസ്സലഫിയ്യ)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും(റ) ഈ യുദ്ധത്തെ പറ്റി ഗവേഷണം നടത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു; ബനൂമുസ്ത്വലിഖ് യുദ്ധം ഹിജ്റ അഞ്ചാം വർഷം ശഅ്ബാനിലായിരുന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 557)*

ഈ യുദ്ധം ഖുസാഅ ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂമുസ്ത്വലിഖുമായാണ് നടന്നത്. അതുകൊണ്ടാണ് ഈ യുദ്ധം ബനൂമുസ്ത്വലിഖ് എന്നറിയപ്പെടുന്നത്. ഈ ഗോത്രം ഒരു കിണറിന്റെ അടുക്കലാണ് വസിച്ചിരുന്നത്. അതിനെ ഖുസാഅ എന്നാണ് പറഞ്ഞിരുന്നത്. അതുകൊണ്ട് ഈ ഗസ്‌വയുടെ (നബിതിരുമേനി നേരിട്ട് പങ്കെടുത്ത യുദ്ധം) മറ്റൊരു പേര് മുറയ്സീഅ് യുദ്ധം എന്നാകുന്നു. മുറയ്സീഅ് മദീനയിൽനിന്ന് ഏകദേശം 108 മൈൽ ദൂരെ സ്ഥിതി ചെയ്യുന്നു. *(ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 48, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഉർദു ലുഗത്ത് വാള്യം 17, പേജ് 773, മർഹല എന്ന പദം)*

ബനൂമുസ്ത്വലിഖ് ഖുറയ്ശികളുടെ സഖ്യകക്ഷിയായിരുന്നു. അവർ മക്കയിലെ ഫലഭൂയിഷ്ഠ സ്ഥലമായ ഹബശി എന്ന് പേരുള്ള ഒരു മലയടിവാരത്ത് ഒരുമിച്ചുകൂടി തങ്ങൾ ഒറ്റക്കെട്ടായി ഖുറയ്ശികളോടൊപ്പം നിൽക്കുമെന്ന് പ്രതിജ്ഞ ചെയ്തു. അതുകൊണ്ട് അവർ അഹാബീശ് എന്ന് അറിയപ്പെടാൻ തുടങ്ങി. ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ബനൂമുസ്ത്വലിഖ് ഉഹുദ് യുദ്ധത്തിൽ സത്യനിഷേധികളായ ഖുറയ്ശികളുടെ സൈന്യത്തിൽ ഉൾപ്പെട്ടിരുന്നു. *(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 297, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ യുദ്ധത്തിന്റെ ഒരു കാരണമെന്തെന്നാൽ, ബനൂമുസ്ത്വലിഖ് ഇസ്‌ലാം വിരോധത്തിൽ അതിരുകടന്നിരുന്നു. തുടർച്ചയായി അതിൽ മുന്നോട്ടു ഗമിക്കുകയുമയിരുന്നു. അവർക്ക് ഖുറയ്ശി സത്യനിഷേധികളുടെ പൂർണമായ പിന്തുണയും സഹായവും കിട്ടുകയും ചെയ്തിരുന്നു. ഉഹുദുയുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ ചേർന്നതുകൊണ്ട് ഇപ്പോൾ ഇവർ പരസ്യമായി മുസ്‌ലിമീങ്ങൾക്കെതിരിൽ ഇറങ്ങിത്തിരിക്കുകയുണ്ടായി. മാത്രമല്ല അവരുടെ ദ്രോഹം വർധിക്കുകയും ചെയ്തു. രണ്ടാമത്തെ കാര്യം മക്കയിൽനിന്നുള്ള കേന്ദ്രപാതയുടെ നിയന്ത്രണം ബനൂമുസ്ത്വലിഖിനായിരുന്നു. ഇവർ മക്കയിൽ മുസ്‌ലിമീങ്ങളുടെ ഇടപെടൽ ഇല്ലാതാക്കുന്നതിന് ശക്തമായ പ്രതിരോധം തീർത്തിരുന്നു. *(മർവിയാത്തെ ഗസ്‌വ ബനീ മുസ്ത്വലിഖ്, ഇബ്റാഹീം ബിൻ ഇബ്റാഹീം പേജ് 89, പ്രസാധനം അഹ്‌യാഉത്തുറാഥിൽ ഇസ്‌ലാമി)*

ഈ യുദ്ധത്തിന്റെ മൂന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കാരണം ബനൂമുസ്ത്വലിഖിന്റെ നേതാവ് ഹാരിഥ് ബിൻ

അബീ ളിറാർ തന്റെ ഗോത്രത്തേയും അറബികളേയും നബി(സ)തിരുമേനിക്കെതിരിൽ യുദ്ധത്തിനു തയ്യാറാക്കുകയും മദീനക്ക് സമീപം 96 മൈൽ ദൂരെ ഒരു സ്ഥലത്ത് സൈന്യങ്ങളെ ഒരുമിച്ചു കൂട്ടാൻ തുടങ്ങുകയും ചെയ്തു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 344, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993) (ഫർഹങ്കെ സീറത്ത് പേജ് 226, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇതേപ്പറ്റി എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:

ഖുറയ്ശികളുടെ എതിർപ്പ്, നാൾക്കുനാൾ രൂക്ഷമായിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ ഗൂഢതന്ത്രങ്ങൾ മുഖേന അറേബ്യയിലെ നിരവധി ഗോത്രങ്ങളെ ഇസ്ലാമിനും ഇസ്ലാം മതസ്ഥാപകർക്കുമെതിരിൽ അണിനിരത്തിയിരുന്നു. എന്നാൽ, ഇപ്പോൾ അവരുടെ ശത്രുത പുതിയൊരു ഭീഷണി ഉണ്ടാക്കിത്തുടങ്ങി. അതായത് മുസ്ലിമീങ്ങളുമായി നല്ല ബന്ധം ഉണ്ടായിരുന്ന ഹിജാസിലെ ഗോത്രങ്ങളും ഖുറയ്ശികളുടെ ഫിത്നകളിൽ അകപ്പെട്ട് മുസ്ലിമീങ്ങൾക്കെതിരിൽ എഴുന്നേൽക്കാൻ തുടങ്ങി. ഇക്കാര്യത്തിൽ ആദ്യനീക്കം തുടങ്ങിയത് പ്രസിദ്ധ ഗോത്രമായ ബനൂ ഖുസാഅ ആയിരുന്നു. അവരുടെ ഒരു ശാഖയായ ബനൂമുസ്ത്വലിഖ് മദീനക്കെതിരിൽ ആക്രമണം നടത്താൻ തയ്യാറെടുപ്പു തുടങ്ങി. അവരുടെ നേതാവ് ഹാരിഥ് ബിൻ അബീ ളിറാർ ഈ ഗോത്രത്തിൽ പര്യടനം നടത്തി മറ്റുചില ഗോത്രങ്ങളെകൂടി തങ്ങളുടെ കൂടെക്കൂട്ടുകയുണ്ടായി.'*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 557)*

ബനൂമുസ്ത്വലിഖിന്റെ തയ്യാറെടുപ്പുകളെ സംബന്ധിച്ച് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അവിടന്ന് ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബ് അസ്ലമിയെ അവിടെയുള്ള അവസ്ഥകൾ അറിഞ്ഞുവരാൻ പറഞ്ഞയച്ചു. അദ്ദേഹം പുറപ്പെടുകയും അവരുടെ അരുവിയിൽ അവരെ കാണുകയും ചെയ്തു. ബുറയ്ദ, വഞ്ചകരായ ഈ ജനതയെ കണ്ടു. അവർ ചുറ്റുപാടുമുള്ള മറ്റു സൈന്യങ്ങളെയും തങ്ങളോടൊപ്പം ഒരുമിച്ചു കൂട്ടിയിരിക്കുന്നതായി കണ്ടു. അവർ ഹദ്റത്ത് ബുറയ്ദയോട് ചോദിച്ചു: നിങ്ങളാരാണ്? ഹദ്റത്ത് ബുറയ്ദ(റ) പറഞ്ഞു: ഞാൻ നിങ്ങളിലൊരാൾത്തന്നെയാകുന്നു. നിങ്ങളുടെ സൈനിക നീക്കത്തെ പറ്റി അറിഞ്ഞതുകൊണ്ടാണ് ഞാൻ ഇവിടെ വന്നത്. അങ്ങനെ യുക്തിപൂർവം അദ്ദേഹം അവരുടെ സൈനിക നീക്കങ്ങളെ സംബന്ധിച്ച് നല്ലപോലെ മനസ്സിലാക്കിയ ശേഷം നബി(സ) തിരുമേനിയുടെ അടുത്തെത്തി അവരുടെ അവസ്ഥകളെ പറ്റി അറിയിച്ചു. നബി(സ) തിരുമേനി മുസ്ലിമീങ്ങളെ വിളിച്ചുകൂട്ടി ശത്രുക്കളെ സംബന്ധിച്ച് അറിയിക്കുകയും ചെയ്തു. ഇസ്ലാമിക സൈന്യം വളരെ വേഗത്തിൽ തയ്യാറായി പുറപ്പെട്ടു.

ബനൂമുസ്ത്വലിഖിലേക്ക് നബി(സ)തിരുമേനി പുറപ്പെട്ടതു സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാകുന്നു: ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ മദീനയിൽ തന്റെ പിൻഗാമിയായി നിയമിച്ചു. ഇബ്നുഹിശാം ഹദ്റത്ത് അബൂദർ ഗിഫ്ഫാരിയുടെ പേരാണ് എഴുതിയിരിക്കുന്നത്. അതുപോലെ ഹദ്റത്ത് നുമയ്ല ബിൻ അബ്ദുല്ലായുടെ പേരും വിവരിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും ഈ സൈന്യം പുറപ്പെട്ടു. ഇസ്ലാമിക സൈന്യം 700 പേരടങ്ങിയതായിരുന്നു. നബി(സ)തിരുമേനി, ഹിജ്റ അഞ്ചാം വർഷം ശഅ്ബാൻ രണ്ടാം തിയ്യതി തിങ്കളാഴ്ച മദീനയിൽനിന്ന് പുറപ്പെട്ടു. ഇസ്ലാമിക സൈന്യവുമായി ബനൂമുസ്ത്വലിഖിലേക്ക് നീങ്ങി. ഹദ്റത്ത് മസ്ഊദ് ബിൻ ഹുനയ്ദ, മുറയ്സീഅ് യുദ്ധത്തിനുള്ള യാത്രയിൽ വഴികാട്ടിയായിരുന്നു. ഈ യാത്രയിൽ മുസ്ലിമീങ്ങളുടെ പക്കൽ 30 കുതിരകളുണ്ടായിരുന്നു. അതിൽ 10 കുതിരകളായിരുന്നു മുഹാജിരീങ്ങളുടെ പക്കലുണ്ടായിരുന്നത്. നബി(സ) തിരുമേനിക്ക് രണ്ടു കുതിരകളുണ്ടായിരുന്നു; ലിസാസും ളരിബും. കുതിര ഉണ്ടായിരുന്ന മുഹാജിരീങ്ങളുടെ പേരുകൾ ഇപ്രകാരമാകുന്നു: ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ ഗനി, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ്(റളിയല്ലാഹു അൻഹും). അൻസ്വാർ സ്വഹാബാക്കളിൽ 20 കുതിര സവാരിക്കാർ ഉണ്ടായിരുന്നു, അവരിൽ 15 പേരുകൾ ഇപ്രകാരമാകുന്നു; ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ, ഹദ്റത്ത് അബൂ അബസ് ബിൻ ജബ്ർ, ഹദ്റത്ത് അബൂഖത്താദ ബിൻ നുഅ്മാൻ, ഹദ്റത്ത് ഉവയിം ബിൻ സാഅദഃ, ഹദ്റത്ത് മഅ്നി ബിൻ അദിയ്യ്, ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് അശ്അലി, ഹദ്റത്ത് ഹാരിഥ് ബിൻ ഹസ്മ, ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് അബൂ ഖത്താദ, ഹദ്റത്ത് അബൂ ഉബയ്യ് ബിൻ കഅ്ബ്, ഹദ്റത്ത് ഖബ്ബാബ് ബിൻ മുൻദിർ, ഹദ്റത്ത് സിയാദ് ബിൻ ലബീദ്, ഹദ്റത്ത് ഫർവഹ് ബിൻ അംറ്, ഹദ്റത്ത് മുആദ് ബിൻ രിഫാഅ് ബിൻ റാഫിഅ്(റളിയല്ലാഹു അൻഹും)

ഏതായാലും ഈ വിശദീകരണത്തിൽ കൂടുതലായി ഇതും വിവരിച്ചിട്ടുണ്ട്: നബി(സ) തിരുമേനിയോടൊപ്പം നിരവധി മുനാഫിഖീങ്ങളും പുറപ്പെട്ടിരുന്നു. ഇതിനുമുമ്പേ ഒരിക്കലും ഇതുപോലെ മറ്റൊരു യുദ്ധത്തിനും മുനാഫിഖീങ്ങൾ പുറപ്പെട്ടിട്ടുണ്ടായിരുന്നില്ല. പറയുന്നു: അവർക്ക് ജിഹാദിനോട് പ്രതിപത്തിയൊന്നുമില്ലായിരുന്നു. മറിച്ച് ജയിക്കുകയാണെങ്കിൽ സമരാർജിത സ്വത്തുക്കൾ കിട്ടുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് അവർ പുറപ്പെട്ടത്.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 344 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(അൽബദായ വന്നഹായാ വാല്യം 4, പേജ് 169,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)(കിതാബുൽ മഗാസി വാല്യം 1, പേജ് 341–343, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2004)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 6. പേജ് 82, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1995)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 154, ദാറുസ്സലാം)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഇതേപ്പറ്റി ഇങ്ങനെ വിവരിക്കുന്നു: “നബി(സ)തിരുമേനി ഈ സംഭവം അറിഞ്ഞപ്പോൾ കൂടുതൽ മുൻകരുതലെന്ന നിലയ്ക്ക് തന്റെ സ്വഹാബിയായ ബുറയ്ദ ബിൻ ഹുസ്വയ്ബിനെ അവസ്ഥകൾ അറിഞ്ഞു വരുന്നതിന് ബനൂമുസത്വലിഖിലേക്ക് പറഞ്ഞയച്ചു. എത്രയും വേഗം തിരിച്ചെത്തി, എന്താണ് ഉണ്ടായതെന്നും യാഥാർഥ്യങ്ങളെന്താണെന്നും മുതലായ കാര്യങ്ങൾ ബോധിപ്പിക്കണമെന്ന് അദ്ദേഹത്തോടു ആവർത്തിച്ചു പറയുകയും ചെയ്തു. ബുറയ്ദ പോയപ്പോൾ വാസ്തവത്തിൽ ഒരു വലിയ സംഘം വളരെ ശക്തമായി മദീനയെ ആക്രമിക്കാൻ തയ്യാറെടുപ്പുകൾ നടത്തുന്നതാണ് കണ്ടത്. അദ്ദേഹം ഉടൻ തന്നെ തിരിച്ചെത്തി നബി(സ)തിരുമേനിയോട് കാര്യങ്ങളറിയിച്ചു. നബി(സ)തിരുമേനി പതിവുപോലെ മുസ്ലിമീങ്ങളോട് മുൻകൂർ തടയിടാൻ ബനൂമുസ്ത്വലിഖിന്റെ നാട്ടിലേക്ക് പുറപ്പെടാൻ ആഹ്വാനം നൽകി. അവർ ആക്രമിക്കുന്നതിനുമുമ്പേ അവരുടെ അടുത്തു പോകാൻ നബി(സ)തിരുമേനി കൽപ്പിച്ചു. നിരവധി സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ കൂടെപ്പോകാൻ തയ്യാറായി. മാത്രമല്ല മുനാഫിഖീങ്ങളുടെ ഒരു വലിയ സംഘവും പുറപ്പെട്ടു. ഇതിനു മുമ്പേ ഇവരിൽനിന്നുള്ള ഇത്രയധികം പേർ പങ്കെടുത്തിരുന്നില്ല. നബി(സ)തിരുമേനി തന്റെ അഭാവത്തിൽ അബൂദർറിനെ മറ്റൊരു നിവേദനമനുസരിച്ച് സയ്ദ് ബിൻ ഹാരിഥയെ മദീനയിലെ അമീറായി നിശ്ചയിച്ചുകൊണ്ട് അല്ലാഹുവിന്റെ നാമത്തിൽ ഹിജ്റ അഞ്ചാം വർഷം ശഅ്ബാൻ മാസം


**• ഹദീഥുന്നബവ്വി(സ) •**

'ആര് നമ്മെപ്പോലെ പ്രാർഥിക്കുകയും നമ്മുടെ ഖിബ്‌ലയിലേക്ക് മുഖം തിരിക്കുകയും നാം അറുത്തമൃഗത്തെ ഭക്ഷിക്കുകയും ചെയ്യുന്നുവോ അവൻ മുസ്ലിമാകുന്നു.'(ബു. 2:28)

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബവ്വി(സ) •**

'അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല എന്ന അറിവോടുകൂടി മരിക്കുന്ന ഏതൊരുവനും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.' (മുസ്‌ലിം, മിശ്ക്കാത്ത് 1)

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

മദീനയിൽ നിന്ന് പുറപ്പെട്ടു. സൈന്യത്തിൽ 30 കുതിരകൾ മാത്രമാണുണ്ടായിരുന്നത്. അതേസമയം ഒട്ടകങ്ങൾ കൂടുതലുണ്ടായിരുന്നു. ഈ കുതിരകളിലും ഒട്ടകങ്ങളിലുമായി മുസ്‌ലിമീങ്ങൾ ഊഴമിട്ടു യാത്ര ചെയ്തു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 557-558)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതുസംബന്ധമായി കുറച്ചുകൂടി വിശദമായി എഴുതുന്നു:

"യാത്രക്കിടയിൽ മുസ്‌ലിമീങ്ങൾക്ക് ഒരു ചാരനെ കിട്ടി. അയാളെ മുസ്‌ലിമീങ്ങൾ പിടികൂടി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിച്ചു. നബി(സ)തിരുമേനി അയാൾ യഥാർഥ ചാരൻ തന്നെയാണെന്ന് അന്വേഷിച്ചറിഞ്ഞപ്പോൾ അയാളിൽനിന്ന് സത്യനിഷേധികളുടെ അവസ്ഥകളെ സംബന്ധിച്ച് അറിയാൻ ശ്രമിച്ചു. പക്ഷേ, അയാൾ പറയാൻ കൂട്ടാക്കിയില്ല. അയാൾ സംശയഗ്രസ്തനായിരുന്നതിനാൽ അന്നത്തെ യുദ്ധ സമ്പ്രദായമനുസരിച്ച് ഹദ്റത്ത് ഉമർ(റ) അയാളെ വധിച്ചു. തുടർന്ന് ഇസ്‌ലാമിക സൈന്യം മുന്നോട്ടുനീങ്ങി. ബനൂമുസ്ത്വലിഖ് ഇസ്‌ലാമിക സൈന്യം വരുന്നുണ്ടെന്നും അവരുടെ ചാരൻ കൊല്ലപ്പെട്ടുവെന്നും അറിഞ്ഞപ്പോൾ വളരെയെറെ ഭയപ്പെട്ടു. കാരണം അവർ ഓർക്കാപ്പുറത്ത് മദീനയെ ആക്രമിക്കാൻ അവസരം പാർത്തു കഴിയുകയായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയുടെ ജാഗ്രതകാരണം അവർക്കത് നഷ്ടക്കച്ചവടമായി മാറി. ചുരുക്കത്തിൽ അവർ വളരെയേറെ ഭയപ്പെട്ടു. അവരെ സഹായിക്കാൻ അവരോടൊപ്പം കൂടിയിരുന്ന മറ്റു ഗോത്രങ്ങൾ ദൈവിക ഇടപെടൽ കാരണം ഭയപ്പെട്ട് ഉടൻതന്നെ അവരെ ഉപേക്ഷിച്ചു തങ്ങളുടെ വീടുകളിലേക്ക് പോകുകയും ചെയ്തു. എന്നാൽ, ബനൂമുസ്ത്വലിഖുകാരെ ഖുറയ്ശികൾ മുസ്‌ലിമീങ്ങളോടുള്ള ശത്രുതയുടെ ലഹരിയിൽ മത്ത് പിടിപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഇതൊക്കെ സംഭവിച്ചെങ്കിലും അവർ യുദ്ധത്തിൽനിന്ന് പിന്മാറിയില്ല. മുഴുവൻ തയ്യാറെടുപ്പുമായി ഇസ്‌ലാമിക സൈന്യത്തെ നേരിടാൻ അവർ ഒരുങ്ങി." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 558)*

നബി(സ)തിരുമേനി മുറയ്സീഇലെത്തിയപ്പോൾ തുകൽകൊണ്ടുള്ള ഒരു കൂടാരം നബി(സ)തിരുമേനിക്കുവേണ്ടി തയ്യാറാക്കി. നബി(സ)തിരുമേനിയുടെ സഹധർമിണിമാരിൽ ഹദ്റത്ത് ആഇശ സിദ്ദീഖ(റ) കൂടെയുണ്ടായിരുന്നു. ചില ചരിത്രകാരന്മാർ ഹദ്റത്ത് ഉമ്മു സൽമയും ഹദ്റത്ത് ആഇശയോടൊപ്പം ഉണ്ടായിരുന്നതായി എഴുതിയിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് ഉമ്മുസൽമ കൂടെ ഉണ്ടായിരുന്നു എന്ന നിവേദനത്തെ അല്ലാമ ഇബ്നു ഹജർ ദുർബലമാണെന്ന് പറയുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ബുഖാരിയുടെ നിവേദനത്തിൽ ഹദ്റത്ത് ആഇശയുടെ വാക്കുകൾ ഇപ്രകാരമാകുന്നു:ഫ ഖറജ സഹമീ (എനിക്കാണ് നറുക്ക് കിട്ടിയത്). ഇതിൽനിന്ന് നബി(സ)തിരുമേനിയുടെ സഹധർമിണിമാരിൽ ഹദ്റത്ത് ആഇശ മാത്രമായിരുന്നു ഈ യുദ്ധത്തിൽ ആ മഹാത്മാവിന്റെ കൂടെ പോയിരുന്നതെന്ന് വ്യക്തമാണ്. *(ഫതഹുൽബാരി മുത്തർറജിം(ഫയ്ളുൽബാരി)ഭാഗം 19, പേജ് 193, കിതാബുത്തഫ്സീർ, പ്രസാധനം അസ്ഹാബുൽഹദീഥ് ലാഹോർ)*

ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ തിരിച്ചറിയൽ അടയാളം എന്തായിരുന്നു? ഇബ്നു ഹിശാം എഴുതിയിരിക്കുന്നു: ബനൂമുസ്ത്വലിഖ് ദിനത്തിൽ മുസ്‌ലിമീങ്ങളുടെ തിരിച്ചറിയൽ അടയാളം (കോഡ് ഭാഷ)യാ മൻസ്വൂർ, അമിത്ത് അമിത്ത് എന്നതായിരുന്നു.

ഇതിന്റെ തർജമ അല്ലയോ സഹായിക്കപ്പെടുന്നവനേ, വധിക്കൂ വധിക്കൂ എന്നാണ്. ഈ കോഡ് ഉപയോഗിച്ചത് മുസ്‌ലിമീങ്ങൾക്കും സത്യനിഷേധികൾക്കുമിടയിൽ സംശയം ഇല്ലാതാകുന്നതിനും രാത്രിയുടെ അന്ധകാരത്തിലും മുസ്‌ലിമീങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയുമായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 358, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(മർവിയാത്തെ ഗസ്വ ബനീമുസ്ത്വലിഖ്, ഇബ്റാഹീം ബിൻ ഇബ്റാഹീം, പേജ് 109, പ്രസാധനം അഹ്യാഉത്തുറാഥിൽ ഇസ്‌ലാമി) (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 673, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

നബി(സ)തിരുമേനി സ്വഹാബാക്കളെ അണിനിരത്തി. മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അബൂബക്റിനാണ്(റ) നൽകിയത്. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അമ്മാർ ബിൻ യാസിറിനു(റ) നൽകിയെന്ന് പറയുന്നുണ്ട്. അൻസ്വാറിന്റെ പതാക ഹദ്റത്ത് സഅ്ദ് ബിൻ ഉബാദക്ക്(റ) നൽകി. നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: ജനങ്ങളോടു അതായത് ശത്രുസൈന്യത്തിനു മുന്നിൽ ഇങ്ങനെ വിളംബരപ്പെടുത്തുക: അല്ലയോ ജനങ്ങളേ! അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് പറയുവിൻ. അങ്ങനെ നിങ്ങൾ ജീവനും സ്വത്തും സുരക്ഷിതമാക്കുവിൻ. ഹദ്റത്ത് ഉമർ(റ) അങ്ങനെ വിളംബരം ചെയ്തെങ്കിലും മുശ്‌രികീങ്ങൾ നിഷേധിക്കുകയാണുണ്ടായത്. കുറച്ചു സമയം ശക്തമായ അമ്പെയ്ത്തു നടന്നു. ആദ്യം മുശ്‌രികീങ്ങളിലെ ഒരാളാണ് അമ്പെയ്തത്. മുസ്‌ലിമീങ്ങളും കുറച്ചു സമയം അമ്പെയ്തുകൊണ്ടിരുന്നു. തുടർന്ന് നബി(സ)തിരുമേനി സ്വഹാബാക്കൾക്ക് യുദ്ധകൽപ്പന നൽകി. അവർ ഒന്നിച്ചുനിന്ന് പൊരുതി. മുശ്‌രികീങ്ങളിൽ ആർക്കും ഓടി രക്ഷപ്പെടാൻ കഴിഞ്ഞില്ല. അവരിൽ 10 പേർ കൊല്ലപ്പെട്ടു. മറ്റുള്ളവരെല്ലാം ബന്ദിയാക്കപ്പെടുകയും ചെയ്തു. നബി(സ)തിരുമേനി അവരുടെ സ്ത്രീ പുരുഷന്മാരെയും മക്കളെയും മൃഗങ്ങളെയും ബന്ദിയാക്കി.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 345, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു:

നബി(സ)തിരുമേനി മുറയ്സീഇലെത്തി. അതിനടുത്താണ് ബനൂമുസ്ത്വലിഖ് തങ്ങിയിരുന്നത്. അത് സമുദ്രതീരത്തിനടുത്ത് മക്കയ്ക്കും മദീനയ്ക്കും ഇടയിലുള്ള ഒരു സ്ഥലമാകുന്നു. അവിടെ താവളമടിക്കാൻ നബി(സ)തിരുമേനി കൽപ്പന നൽകി. അണികൾ ശരിയാക്കി. പതാകകൾ വിതരണവും മറ്റും ചെയ്തതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: മുന്നോട്ടുവന്ന് ബനൂമുസ്ത്വലിഖുകാരോടു ഇങ്ങനെ വിളിച്ചു പറയുക: ഇസ്‌ലാമിനോടുള്ള വിരോധത്തിൽനിന്നും ശത്രുതയിൽനിന്നും പിന്മാറുകയും നബി(സ)തിരുമേനിയുടെ ഭരണത്തെ അംഗീകരിക്കുകയുമാണെങ്കിൽ സംരക്ഷണം നൽകപ്പെടുന്നതായിരിക്കും. മതം മാറാനല്ല പറയുന്നത്, നബി(സ)തിരുമേനിയുടെ ഭരണത്തെ അംഗീകരിക്കുകയാണെങ്കിൽ സമാധാനത്തിലാകുന്നതായിരിക്കും. മുസ്‌ലിമീങ്ങൾ തിരിച്ചുപോകുന്നതുമാണ്. പക്ഷേ, അവർ അതിനെ ശക്തിമായി എതിർക്കുകയും യുദ്ധത്തിന് തയ്യാറാകുകയുമാണ് ചെയ്തത്. അങ്ങനെ ഈ യുദ്ധത്തിൽ ആദ്യത്തെ അമ്പ് അവരുടെ അതായത് ബനൂമുസ്ത്വലിഖിലെ ഒരാളാണ് തൊടുത്തു വിട്ടത്. ഈ അവസ്ഥ കണ്ടപ്പോൾ നബി(സ)തിരുമേനി സ്വഹാബാക്കളോടു യുദ്ധം ചെയ്യാൻ കൽപ്പിച്ചു. കുറച്ചു സമയം ഇരുകൂട്ടർക്കുമിടയിൽ ശക്തമായ അമ്പെയ്ത്തു നടന്നു. തുടർന്ന് നബി(സ)തിരുമേനി സ്വഹാബാക്കളോടു പെട്ടെന്ന് സംഘടിച്ച് ആക്രമണം നടത്താൻ കൽപ്പിച്ചു. സംഘടിച്ചുള്ള ഈ ആക്രമണത്തിൽ സത്യനിഷേധികളുടെ പാദങ്ങൾ ഇളകി. പക്ഷേ, മുസ്‌ലിമീങ്ങൾ വളരെ തന്ത്രപൂർവം അവരെ വലയം ചെയ്തപ്പോൾ മുഴുവൻ സംഘവും ഉപരോധത്തിലാകുകയും ആയുധം താഴെവെക്കാൻ നിർബന്ധിതരാകുകയും ചെയ്തു. ഭയാനകമായി മാറേണ്ട ഈ യുദ്ധം കേവലം 10 സത്യനിഷേധുകളുടേയും ഒരു മുസ്‌ലിമിന്റേയും വധത്തോടുകൂടി അവസാനിച്ചു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 558-559)*

ഇന്ന് ഒരു ശഹീദിനെയും മറ്റു ചില പരേതാത്മാക്കളെയും അനുസ്മരിക്കാനുള്ളതുകൊണ്ട് യഥാർഥ ഖുത്ബ ചുരുക്കുകയാണ്. അതുപോലെ ഇപ്പോൾ നമ്മൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന മുഹർറ മാസം സംബന്ധമായും ദുആയിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ഇതു വളരെ വേദനാ ജനകമായ ഒരു സംഭവമാണ്. അതിൽ അക്രമത്തിന്റെയും ഭീകരതയുടെയും അങ്ങേയറ്റത്തെ ഉദാഹരണമാണ് സ്ഥാപിതമായത്. നബി(സ) തിരുമേനിയുടെ ദൗഹിത്രനും ആ മഹാത്മാവിന്റെ കുടുംബക്കാരും ശഹീദാക്കപ്പെട്ടു. എന്നാൽ, ഇതിൽനിന്ന് പാഠമുൾക്കൊള്ളുന്നതിനു പകരം ഈ അക്രമം ഇന്നും തുടരുന്നുവെന്നത് മുസ്‌ലിമീങ്ങളുടെ ദൗർഭാഗ്യമാകുന്നു. മുഹർറമിൽ ശിആ-സുന്നി കലഹങ്ങളും തീവ്രവാദ ആക്രമണങ്ങളും വർധിക്കുന്നു. ഇതിൽ ഇരുഭാഗത്തും ജീവനുകളും നഷ്ടപ്പെടുന്നു. മാത്രമല്ല ഈ കക്ഷിതൽപ്പരതയും സ്വാർഥതയും സംരക്ഷിക്കപ്പെടാനുള്ള ആഗ്രഹത്തിൽ മുസ്‌ലിം ലോകത്ത് ഛിദ്രതകളും കലാപങ്ങളും ഉടലെടുക്കുന്നു. കൂടാതെ വർഷം മുഴുവനും പണ്ഡിതന്മാരും വിവിധ സംഘടനകളും ഭരണകൂടങ്ങളും അക്രമവും ദ്രോഹവുമാണ് കാണിക്കുന്നത്. പരസ്പരം എതിരാളികളുമാണ്. എന്തെങ്കിലും പാഠമുൾക്കൊള്ളാ

നും അല്ലാഹുവിനെ ഭയക്കാനുമുള്ള ബുദ്ധി ഇവർക്കുണ്ടാകുന്നില്ല.

അല്ലാഹു ഈ കുഴപ്പങ്ങൾ അവസാനിപ്പിക്കാൻ തന്റെ വാഗ്ദാനമനുസരിച്ച് സംവിധാനം ചെയ്തിരിക്കുന്നു. അത് സ്വീകരിക്കാൻ അവർ തയ്യാറാകുന്നില്ല, അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരാനാഗ്രഹിക്കുന്നതു പോലുമില്ല. ഉമ്മത്തിനെ ഏക ഉമ്മത്താക്കാനും ഫസാദുകളെ ഇല്ലാതാക്കാനും അത് മാത്രമേ വഴിയുള്ളൂ. അതിലൂടെ മാത്രമാണ് മുസ്‌ലിമീങ്ങളിൽ ഐക്യമുണ്ടാകുകയും അവരുടെ അന്തസ്സ് സ്ഥാപിതമാകുകയും ചെയ്യുന്നത്. ഇതിവർക്ക് ബോധ്യമായെങ്കിൽ ഹാ, എത്ര നന്നായേനെ!

ഏതായാലും ഈ ദിവസങ്ങളിൽ അഹ്മദികൾ സ്വലാത്തു ചൊല്ലാനും മുസ്‌ലിമീങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ അവസ്ഥകളെ നന്നാക്കാനും അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും വേണം. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ പറഞ്ഞുവന്നതുപോലെ ഒരു ശഹീദിനെയും ചില പരേതാത്മളെയും അനുസ്മരിക്കുകയാണ്. ശഹീദിന്റെ പേര് ബോഞ്ചാ മഹ്മൂദ് സാഹിബ് (Bondja Mahmoud)എന്നാകുന്നു. ഇദ്ദേഹം ടോഗോവാസിയാണ്. തമാഞ്ചയർ(Tamanjouare)ജമാഅത്തിലെ അംഗമാണ്. അദ്ദേഹത്തെ ജൂൺ 21-നു ഉഗ്രവാദികൾ അദ്ദേഹത്തിന്റെ വീട്ടിൽക്കയറി ശഹീദാക്കി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ഇദ്ദേഹത്തിന് 64 വയസ്സായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ടു ഭാര്യമാരും 14 മക്കളുമുണ്ട്.

മുബല്ലിഗ്, നവീദ് നയീം സാഹിബ് എഴുതുന്നു: ടോഗോയിലെ വടക്കൻ പ്രവിശ്യയിലുള്ള കേന്ദ്ര നഗരത്തിന് സമീപമാണ് തമാഞ്ചയർ(Tamanjouare) ജമാഅത്ത്. ഈ പ്രദേശം ബുർക്കിനോഫാസോയുമായി ചേരുന്ന അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ബോഞ്ചോ മഹ്മൂദ് സാഹിബിന് ഈ ജമാഅത്തിലെ ആദ്യകാല അംഗങ്ങളിൽ ഉൾപ്പെടാനുള്ള തൗഫീഖ് ലഭിച്ചിരുന്നു. കൃഷിപ്പണി ചെയ്താണ് ഉപജീവനം നടത്തിയിരുന്നത്. അവിടെ ഒരു താൽക്കാലിക വസതിയും ഉണ്ടാക്കിയിരുന്നു. മഴക്കാലത്ത് ഭാര്യാമക്കളോടൊപ്പം അവിടേക്ക് മാറി താമസിച്ചിരുന്നു. വരണ്ട കാലാവസ്ഥയിൽ തന്റെ ഗ്രാമത്തിലേക്ക് വരുമായിരുന്നു. അത് അവിടെനിന്ന് ഒരുപാടു ദൂരെയായിരുന്നു. പിന്നെ വീണ്ടും മഴക്കാലത്ത് ഇവിടേക്ക് വന്നിരുന്നു. ജൂൺ 21-നു രാത്രി 8 മണിക്ക് നാല് തീവ്രവാദികൾ വീട്ടിൽക്കയറിയ സമയത്ത് അദ്ദേഹം തന്റെ ഫാമിൽ തന്നെയാണുണ്ടായിരുന്നത്. ടോർച്ച് അടിച്ചിരുന്നു. അദ്ദേഹത്തിന്റെ 14 വയസുള്ള മകൻ വെളിച്ചം കണ്ടപ്പോൾ ഉടനെ അവിടെയെത്തി. അവിടെ തന്റെ പിതാവിനെ തീവ്രവാദികൾ വളഞ്ഞതാണ് കാണുന്നത്. അതുകണ്ട് ഭയന്നുപോയ കുട്ടി അവിടെനിന്ന് ഓടിപ്പോയി. ഏതായാലും അതിനുശേഷം തീവ്രവാദികൾ ശഹീദിന്റെ താടിയുടെ താഴ്ഭാഗത്ത് വെടിവെക്കുകയായിരുന്നു. വെടിയുണ്ട അദ്ദേഹത്തിന്റെ മൂക്ക് തകർത്ത് പുറത്തുവരികയും തൽക്ഷണം അദ്ദേഹം മരണപ്പെടുകയും ചെയ്തു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* തീവ്രവാദികൾ അതിനുശേഷം അവിടെ നിന്നുപോയി. വീട്ടിലെ മറ്റാരെയും ഉപദ്രവിച്ചില്ല. അദ്ദേഹത്തെ ശഹീദാക്കുക മാത്രമായിരുന്നു അവരുടെ ലക്ഷ്യമെന്ന് തോന്നുന്നു. അതിന്നായിരിക്കും അവർ വന്നിട്ടുണ്ടാകുക. സംഭവത്തെ കുറിച്ചറിഞ്ഞപ്പോൾ അവിടെയുള്ള മിലട്ടറി ആളുകളും അവിടെയെത്തി. സർക്കാറിന്റെ അധികാരങ്ങൾ വളരെ പരിമിതമാണ്. എല്ലാഭാഗത്തും തീവ്രവാദികൾ പിടി മുറുക്കിയിരിക്കുന്നു. മയ്യിത്ത് സൈന്യം തങ്ങളുടെ കസ്റ്റഡിയിൽ എടുത്തു. ചുറ്റുവട്ടത്തുള്ള നിരീക്ഷണത്തിനും തങ്ങളുടെ നിസ്സാരമായ നടപടി ക്രമങ്ങൾക്കുംശേഷം അടുത്ത ദിവസം ജനാസ ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

ഈ പ്രദേശത്തെ ലോക്കൽ മിഷണറി മാമാ ബേലു സാഹിബ് പറയുന്നു: മർഹൂം ആദ്യകാലത്ത് ബയ്അത്തു ചെയ്തവരിൽ പെടുന്നു. ആരംഭകാലത്തുതന്നെ അദ്ദേഹം ബയ്അത്ത് ചെയ്തിരുന്നു. ബയ്അത്തിനുശേഷം അദ്ദേഹം നമസ്കാരങ്ങളിലും ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തിരുന്നു. അതുപോലെ കൃത്യമായി ചന്ദകളും കൊടുത്തിരുന്നു.

അദ്ദേഹത്തിന്റെ ഏരിയ മിഷണറി ജിദാമ ത്വാഹിർ സാഹിബ് പറയുന്നു: അദ്ദേഹം 2007-ലാണ് ബയ്അത്ത് ചെയ്തത്. അതു കഴിഞ്ഞുടനെ റമളാൻ തുടങ്ങി. മഴക്കാലമായിരുന്നു. ധാന്യമിറക്കാൻ സ്ഥലം തയ്യാറാക്കി തുടങ്ങിയിരുന്നു. ഗ്രാമത്തിലെ ചിലയാളുകൾ ഇപ്പോൾ നിങ്ങൾ മുസ്‌ലിമായില്ലേ, നിങ്ങൾ നോമ്പ് പിടിക്കുമോ അതോ കൃഷിപ്പണി ചെയ്യുമോ എന്ന് ചോദിച്ച് പരിഹസിക്കാൻ തുടങ്ങി. 'നിങ്ങൾക്ക് നോമ്പെടുത്തുകൊണ്ട് കഠിനാധ്വാനം ചെയ്യാൻ കഴിയില്ല. ഞങ്ങൾ അധ്വാനിക്കുകയും ഞങ്ങൾക്ക് നല്ല വിളവ് കിട്ടുകയും ചെയ്യും.' അദ്ദേഹം പറഞ്ഞു: 'ഞാൻ ഇസ്‌ലാമിനെ മനസ്സുകൊണ്ട് സ്വീകരിച്ചതാണ്. അതുകൊണ്ട് തീർച്ചയായും നോമ്പെടുക്കുന്നതായിരിക്കും. വിളവിന് അല്ലാഹു തന്നെയാണ് ഉടമസ്ഥൻ. എന്നെക്കൊണ്ട് സാധ്യമായ ജോലി ഞാൻ ചെയ്യും, എനിക്ക് വിധിച്ചത് എനിക്ക് എന്തായാലും കിട്ടുക യും ചെയ്യും. അല്ലാഹു അതെനിക്ക് തരികതന്നെ ചെയ്യും. അല്ലാഹു ചെയ്തത് നോക്കുക! മഴ നിലച്ചു. ആ ദിവസങ്ങളിൽ, റമളാൻ മുഴുവനും മഴ ഉണ്ടായില്ല. അദ്ദേഹം സമാധാനമായി നോമ്പെടുത്തു. ഈദിന്റെ അടുത്ത ദിവസം മഴ തുടങ്ങി. അവിടെ ഗ്രാമത്തിൽ കൃഷി നടത്താറുള്ളതുപോലെ അദ്ദേഹവും മറ്റുള്ളവരും കൃഷിയിടത്തിൽ ഇറങ്ങുകയും ചെയ്തു. പരിഹസിച്ചവരെയും അങ്ങനെ അല്ലാഹു ജോലിയിൽനിന്ന് തടഞ്ഞു. തന്റെ ദാസന് ഇബാദത്തിനുള്ള തൗഫീഖ് നൽകുകയും ചെയ്തു.

ജമാഅത്ത് സ്ഥാപിതമായതിനു 4 വർഷത്തിനുശേഷം കേന്ദ്രത്തിൽ നിന്ന് മസ്ജിദ് നിർമാണത്തിനുള്ള പ്രോഗ്രാം ആരംഭിച്ചു. അനഹ്മദികൾ മസ്ജിദിന്റെ ആവശ്യമെന്താണെന്നും നിങ്ങൾ ഞങ്ങളുടെ മസ്ജിദിൽ വന്ന് നമസ്കരിച്ചു കൊള്ളുക എന്നും പറഞ്ഞ് തടയാൻ നല്ലപോലെ ശ്രമിച്ചിരുന്നു. എന്നാൽ, അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ ഞങ്ങളുടെ മസ്ജിദ് നിർമിച്ചിരിക്കും.' പിന്നെ ഈ മസ്ജിദ് പൂർത്തിയായതിനു ശേഷം അദ്ദേഹം ഗ്രാമത്തിലുണ്ടായിരുന്ന സമയത്തൊക്കെയും അഞ്ചുനേര നംസ്കാരം കൃത്യമായി മസ്ജിദിൽ തന്നെ അനുഷ്ഠിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ യഅ്ഖൂബ് സാഹിബ് പറയുന്നു: വളരെ മൃദുല ഹൃദയനായിരുന്നു. ആർക്കും പ്രയാസമുണ്ടാകുന്നത് ആഗ്രഹിച്ചിരുന്നില്ല. കുടുംബത്തിലെ വല്ല പ്രശ്നവും ആരെക്കൊണ്ടും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർ ഇദ്ദേഹത്തിന്റെ അടുക്കൽ വരുമായിരുന്നു. അദ്ദേഹം നിഷ്പ്രയാസം അത് പരിഹരിക്കുകയും ചെയ്തിരുന്നു.

അല്ലാഹു പരേതന്റെ പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു ഈ പ്രദേശങ്ങളിൽ തീവ്രവാദം ഇല്ലായ്മ ചെയ്യുമാറാകട്ടെ. സമാധാന പൂർണമായ അവസ്ഥ ഉണ്ടാക്കുമാറാകട്ടെ. ഇത് ജനങ്ങൾക്കിടയിലുള്ള വഴക്കാണെന്നും മുസ്‌ലിം ഗ്രൂപ്പുകൾ കലാപമുണ്ടാക്കുകയാണെന്നും പറയുന്നു. എന്നാൽ, അതിന് വൻശക്തികൾ സഹായം നൽകുകയാണ്. അവർ തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കു വേണ്ടി ഈ നാടുകളിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുകയാണ്. എന്നിട്ട് സമാധാനം സ്ഥാപിക്കാനെന്നു പറഞ്ഞു സഹാനുഭൂതി പ്രകടിപ്പിക്കാ


**• ഹദീഥുന്നബ്‌വി(സ) •**

'സ്വപിതാവിനെക്കാളും സ്വപുത്രനെക്കാളും സകലമനുഷ്യരെക്കാളും കൂടുതലായി ഞാൻ സനേഹിക്കപ്പെടാത്തിടത്തോളം നിങ്ങളിലൊരാൾക്കും വിശ്വാസമില്ല.' (ബു. 2:7)

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി(സ) •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ

LATE DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

നും ശ്രമിക്കുന്നു. അവർ ഇത്തരമാളുകളെ സഹായിക്കുന്നില്ലെങ്കിൽ ഈ സംഘടനകൾ പ്രവർത്തിക്കുന്നതല്ല. മുസ്‌ലിമീങ്ങൾക്ക് തങ്ങളെന്താണ് ചെയ്യുന്നതെന്ന് ചിന്തിക്കാൻ ബുദ്ധി ഉദിക്കുന്നില്ല. ചില മുസ്‌ലിം സംഘടനകളും ചില രാഷ്ട്രീയക്കാരും ഈ തീവ്രവാദികളിൽ ചേർന്നിട്ടുണ്ട്.

അടുത്ത അനുസ്മരണം മുൻ മുആവിൻ(അസിസ്റ്റന്റ്) നാളിർ ഉമൂറെആമ റശീദ് അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം നൂർ ഹുസയ്ൻ സാഹിബിന്റെ മകനാകുന്നു. കഴിഞ്ഞ ദിവസം 86-ാമത്തെ വയസിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ഖാദിയാനിലാണ് ജനിച്ചത്. ജന്മനാ അഹ്മദിയായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് നൂർ മുഹമ്മദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. 1924-ൽ രണ്ടാം ഖിലാഫത്ത് കാലത്ത് പിതാവിന് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരുന്നതിന് തൗഫീഖ് ലഭിച്ചു. റശീദ് സാഹിബ് ഖാദിയാനിൽനിന്നാണ് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയത്. പാക്കിസ്താൻ രൂപീകരണത്തിനുശേഷം മെട്രിക് പാസായി. തുടർന്ന് ജമാഅത്തുപരമായ സേവനങ്ങളാരംഭിച്ചു. 1998-ൽ റിട്ടയർ ചെയ്തെങ്കിലും റീ എംപ്ലോയിയായി തുടർന്നു. 2021-വരെ അതായത് ആരോഗ്യം അനുവദിച്ചിരുന്നത്രയും കാലം സേവനത്തിന് തൗഫീഖ് ലഭിച്ചിരുന്നു. മർഹൂമിന്റെ മൊത്തത്തിലുള്ള ജമാഅത്തീ സേവന കാലം ഏകദേശം 65 വർഷമാണ്.

അദ്ദേഹം ഒരുപാട് പ്രത്യേകതകളുള്ള ആളായിരുന്നു. അന്നന്നത്തെ ജോലികൾ അന്നന്നുതന്നെ ചെയ്ത് തീർക്കുന്ന സ്വഭാവമായിരുന്നു. ജമാഅത്തിനോട് അങ്ങേയറ്റം കൂറും ഉത്തരവാദിത്വ ബോധവും കൂടാതെ ജമാഅത്തുപരമായ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്തു തീർക്കുകയും ചെയ്തിരുന്നു. സമയനിഷ്ഠ അദ്ദേഹത്തിന്റെ പ്രകടമായ സ്വഭാവമായിരുന്നു. വസിയ്യത്ത് വ്യവസ്ഥിതിയിൽ അംഗമായിരുന്നു. ചന്ദകൾ കൊടുക്കുന്ന കാര്യത്തിൽ എപ്പോഴും ചിന്തയുണ്ടായിരുന്നു. ആദ്യസമയത്ത് തന്നെ ചന്ദകൾ കൊടുക്കുമായിരുന്നു. ജമാഅത്തിന്റെ എല്ലാ ആഹ്വാനങ്ങളിലും പങ്കെടുക്കാൻ ശ്രമിച്ചിരുന്നു. കുടുംബക്കാരോടെല്ലാം വ്യക്തിഗത ബന്ധമായിരുന്നു. ആവശ്യക്കാർക്ക് രഹസ്യമായി സഹായം ചെയ്യുമായിരുന്നു. ഖിലാഫത്തുമായി പ്രത്യേക സ്നേഹവും ബന്ധവുമുണ്ടായിരുന്നു. രണ്ടാം ഖിലാഫത്തു മുതൽ അഞ്ചാം ഖിലാഫത്തുവരേയും വിവിധ ഘട്ടങ്ങളിലായി അദ്ദേഹത്തിന് സേവനത്തിനുള്ള അവസരം ലഭിച്ചു. വളരെ കൂറോടുകൂടി സേവനങ്ങൾ ചെയ്തു. വളരെ നിശബ്ദനായി, നിർലോപം സേവനം ചെയ്യുന്ന ആളായിരുന്നു. 1974-ലെയും 1984-ലെയും പ്രക്ഷുബ്ധമായ കാലഘട്ടത്തിൽ ശക്തമായ നിലയിൽ എതിർപ്പുകളെ അഭിമുഖീകരിക്കാനും തൗഫീഖ് ലഭിച്ചു. 74-ൽ എതിർപ്പിന്റെ അവസരത്തിൽ പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ഫയ്സ്വലാബാദിലേക്ക് ബസ്സിൽ കൊണ്ടു പോകുകയായിരുന്നു. ചീനിയോട്ടിൽ എതിരാളികളുടെ ഒരു സംഘം അദ്ദേഹത്തെ കൊണ്ടു പോകുന്ന ബസ്സ് ആക്രമിച്ചു. പോലീസും മറ്റു യാത്രക്കാരും ഓടിരക്ഷപ്പെട്ടു. പോലീസും അദ്ദേഹത്തെ ഉപേക്ഷിച്ച് ഓടിപ്പോയി. പോലീസ് അദ്ദേഹത്തിന് കയ്യാമം വെച്ചിരുന്നു. ജാഥയിൽ ഉണ്ടായിരുന്നവർ കയ്യാമം വെച്ചിരുന്ന അദ്ദേഹത്തെ കത്തികൊണ്ട് ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. മാസങ്ങളോളം ആസ്പത്രിയിൽ കഴിയേണ്ടി വന്നു. അവിടെനിന്ന് വീണ്ടും ജയിലിലേക്ക് മാറ്റി. ആക്രമണത്തിൽ അദ്ദേഹത്തിന്റെ വിരലുകളും മുറിഞ്ഞു പോയിരുന്നു. മുഖത്തും മുറിവുണ്ടായിരുന്നു. നീണ്ടകാലത്തോളം സംസാരിക്കാനും പ്രയാസമായിരുന്നു. ഏതായാലും അല്ലാഹു അദ്ദേഹത്തിന്റെ ജീവൻ സംരക്ഷിച്ചു.

1979 സെപ്തംബറിൽ റബ്വയിൽ അടിസ്ഥാന രഹിതമായ ആരോപണത്തെ തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)നും മറ്റു ഭാരവാഹികൾക്കുമെതിരിൽ കേസെടുത്തു. അതിൽ റശീദ് അഹ്മദ് സാഹിബിന്റെ പേരുമുണ്ടായിരുന്നു. ഒരു നീണ്ടകാലം കേസ് നടന്നു. റശീദ് സാഹിബിനും മറ്റു 3 ഭാരവാഹികൾക്കുമെതിരിൽ 1987-ൽ മറ്റൊരു പോലീസ് കേസുകൂടി റബ്വ സ്റ്റേഷനിലുണ്ടായി. തൽഫലമായി വർഷങ്ങളോളം കോടതികൾ കയറിയിറങ്ങേണ്ടി വന്നു.

അദ്ദേഹത്തിന്റെ മകൾ അമത്തുസ്സ്വബൂർ പറയുന്നു: പിതാവ് ജമാഅത്തായ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും മറ്റുള്ളവരുടെ അവകാശങ്ങൾ ശ്രദ്ധിക്കുന്നയാളും മറ്റുള്ളവരുടെ പ്രയാസങ്ങളെ സ്വന്തം പ്രയാസമാണെന്ന് കരുതുന്നയാളുമായിരുന്നു. പലപ്പോഴും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി മാത്രം തന്റെ അവകാശങ്ങൾ വിട്ടുകൊടുക്കുമായിരുന്നു.' മകൾ തുടർന്നെഴുതുന്നു: ഉമ്മയുടെ വഫാത്തിനുശേഷം ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ താമസിക്കാൻ തീരുമാനിച്ചു. മക്കളോടൊപ്പം അദ്ദേഹത്തിന്റെ അടുക്കലെത്തിയപ്പോൾ, എന്നെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: എന്റെ കൂടെ താമസിക്കുകയാണെങ്കിൽ മക്കളോടു പറയുക, നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിൽ കൃത്യനിഷ്ഠ പുലർത്തുകയും ജമാഅത്തുപരമായ പരിപാടികളിൽ പങ്കെടുക്കുകയും വേണം. വൈകുന്നേരത്തിനുശേഷം വീടിനു പുറത്ത് പോകാൻ പാടില്ല. ജമാഅത്തിന്റെ ഭാരവാഹികൾ വിളിക്കുമ്പോൾ വിസമ്മതിക്കരുത്. മകൾ പറയുന്നു: ഈ തർബിയ്യത്തുകാരണം എനിക്ക് വളരെ നല്ല പ്രയോജനമാണ് ലഭിച്ചത്.

അല്ലാഹു പരേതനോടു കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം നാഇബ് നാളിർ ഉമൂർ ആമ ചൗദ്‌രീ മുത്വീഉർറഹ്മാൻ സാഹിബിന്റേതാണ്. ഇദ്ദേഹം ചൗദ്‌രീ അലി അക്ബർ സാഹിബിന്റെ മകനാണ്. കഴിഞ്ഞ ദിവസം 79-ാമത്തെ വയസിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് അലി അക്ബർ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. പിതാവിന് 1916-ൽ രണ്ടാം ഖിലാഫത്തു കാലത്ത് ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. പാക്കിസ്താൻ രൂപീകരണത്തിനുശേഷം അദ്ദേഹത്തിന്റെ പിതാവ് അലി അക്ബർ സാഹിബിന് നാഇബ് നാളിർ തഅ്‌ലീമായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്.

ചൗദ്‌രീ മുത്വീഉർറഹ്മാൻ സാഹിബ് പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലാണ് കരസ്ഥമാക്കിയത്. പാക്കിസ്താൻ രൂപീകരണത്തിനുശേഷം വിദ്യാഭ്യാസം പൂർത്തിയാക്കി വിദ്യാഭ്യാസ വകുപ്പിൽ ചേർന്നു. റിട്ടയർമെന്റിനുശേഷം ജമാഅത്തുപരമായ സേവനങ്ങൾക്കു വേണ്ടി തന്നെ സമർപ്പിക്കുകയുണ്ടായി. നാഇബ് നാളിർ ഉമൂർ ആമ എന്ന നിലയിൽ 25-വർഷത്തിലധികകാലം അവസാന ശ്വാസം വരെയും ജമാഅത്തുപരമായ സേവനത്തിന് തൗഫീഖ് ലഭിച്ചു.

ചൗദ്‌രീ മുത്വീഉർറഹ്മാൻ സാഹിബ് നിരവധി നന്മകൾക്കുടമയായിരുന്നു. ചെറിയ പ്രായത്തിൽ തന്നെ വസിയ്യത്ത് വ്യവസ്ഥിതിയിൽ ചേർന്നു. വസിയ്യത്തിന്റെ കണക്കുകൾ വളരെ കൃത്യമായി വെച്ചിരുന്നു. സമയനിഷ്ഠ പാലിച്ചിരുന്നു. ജമാഅത്തായ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയും ജമാഅത്തിന്റെ ചന്ദകൾ ആദ്യസമയത്തുതന്നെ കൊടുക്കുകയും ചെയ്തിരുന്നു. വൈജ്ഞാനിക പരമായ താൽപര്യവും വളരെ പ്രകടമായിരുന്നു. ലളിതമായ സ്വഭാവത്തിനുടമയും എല്ലാവരുമായും സൗ


**• ഹദീഥുന്നബ്‌വി(സ) •**

മതം എളുപ്പമാണ്. മതത്തിൽ വളരെ കൂടുതൽ അധ്വാനിക്കുന്നെങ്കിൽ ഒരുവനേയും അത് ക്ഷീണിപ്പിക്കാതിരിക്കുന്നില്ല.'

(ബു. 2:29)

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**

AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

'നിങ്ങൾക്കു ചെയ്യുവാൻ കഴിവുള്ളതുമാത്രമെ നിങ്ങൾക്കു നിർബന്ധമായുള്ളു. അല്ലാഹുവാണെ സത്യം! അല്ലാഹു ക്ഷീണിക്കുന്നവനല്ല; പക്ഷേ, നിങ്ങൾ ക്ഷണിക്കുന്നു. ഒരുവൻ നിഷ്ഠയോടെ ചെയ്യുന്ന സ്ഥിതിയാണ് അവനേറ്റവും ഇഷ്ടമായത്.' (ബു. 2:31)

ത്വാലിബെ ദുആ

**P. ABDUL AMEER**

AHMADIYYA JAMA-ATH MANJERY, KERALA

ഹൃദ് ബന്ധമുള്ള ആളുമായിരുന്നു. എപ്പോഴെങ്കിലും ഏതെങ്കിലും ജോലിക്കാരനുമായി വല്ല അസ്വാരസ്യവുമു ണ്ടായാൽ ഏറ്റവുമാദ്യം രഞ്ജിപ്പിനുള്ള കൈ കൊടുക്കുമായിരുന്നു. ഓഫീസ് സംബന്ധമായി അദ്ദേഹത്തെ ഏതു ജോലി ഏൽപ്പിച്ചാലും അത് എത്രയും വേഗം പൂർത്തിയാക്കിയിരുന്നു. ജോലികൾ പെന്റിംഗ് ആക്കുന്നത് തീരെ ഇഷ്ടമായിരുന്നില്ല. അവസാനംവരെയും അദ്ദേഹം തന്റെ ഈ സ്വഭാവം നിലനിറുത്തുകയുണ്ടായി. ഓഫീസ് ജോലികൾ പെന്റിംഗ് ആകാൻ അനുവദിച്ചിരുന്നില്ല. മർഹൂം ഖിലാഫത്തിനോടു പ്രതിബദ്ധതയും ജമാഅത്തുപരമായ വ്യവസ്ഥിതിയെ അനുസരിക്കാനും എപ്പോഴും ഉപദേശിക്കുമായിരുന്നു. തന്റെ അടുപ്പക്കാരോടും ഏക മകളോടും അവരുടെ മക്കളോടും ഖിലാഫത്തിലാണ് സകല അനുഗ്രഹങ്ങളുമെന്ന് എപ്പോഴും പറഞ്ഞിരുന്നു.

ഇദ്ദേഹത്തിന്റെ ഭാര്യ ഏതാനും വർഷം മുമ്പേ വഫാത്തായിരുന്നു.അദ്ദേഹത്തിന് ഒരു മകൾ മാത്രമേ ഉള്ളൂ. അവരുടെ ഭർത്താവും മരണപ്പെട്ടിരിക്കുന്നു. അവർ ഈ എല്ലാ ദുഖങ്ങളും വളരെ ക്ഷമയോടെ സഹിക്കുകയുണ്ടായി.

അല്ലാഹു മർഹൂമിനോടു കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹം മുൻ യു.കെ സ്വദ്ർ അൻസ്വാറുല്ലാഹ് ചൗദ്ദരീ ഇഅ്ജാസ് അഹ്മദ് സാഹിബിന്റെ പിതൃവ്യനാണ്.

അടുത്ത അനുസ്മരണം മൻള്വൂർ ബീഗം സാഹിബയുടെതാണ്. ഇവർ സർഗോദയിലെ മർഹൂം മഹ്മൂദ് അഹ്മദ് ഭട്ടി സാഹിബിന്റെ ഭാര്യയാകുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് ചൗദ്ദരീ ഗുലാം ഹുസയ്ൻ സാഹിബിന്റെ മകന്റെ ഭാര്യയാണ്. ഇവരുടെ കുടുംബത്തിൽ പരേതയുടെ മൂത്താപ്പ ചൗദ്ദരീ ഗുലാം നബി അലവി സാഹിബും എളാപ്പ ചൗദ്ദരീ അത്വാ മുഹമ്മദ് അലവി സാഹിബും മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഈ രണ്ട് മഹാത്മാക്കളും ചീച്ചവത്നി എന്ന സ്ഥലത്ത് ഒരു സംവാദം കേട്ടതിനു ശേഷം ബയ്അത്ത് ചെയ്യുകയായിരുന്നു. മർഹൂമയുടെ പിതാവ് ചൗദ്ദരീ മുഹമ്മദ് അബ്ദുല്ലാഹ് അലവി സാഹിബ് മൂന്ന് വർഷത്തെ പഠനത്തിനു ശേഷം 1935-ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അവരുടെ ഭർത്താവ് മഹ്മൂദ് അഹ്മദ് ഭട്ടി സാഹിബിനും മകൻ ത്വാഹിർ മഹ്മൂദ് ഭട്ടി സാഹിബിനും ദൈവമാർഗത്തിലെ തടവുകാരാകാൻ(അസീറാനെ രാഹെ മൗലാ) തൗഫീഖ് ലഭിച്ചിട്ടുണ്ട്. മർഹൂമയുടെ ഒരു സഹോദരൻ നസ്വീർ അഹ്മദ് അലവി സാഹിബിനെ അഹ്മദിയ്യത്തിന്റെ പേരിൽ സിന്ധ് പ്രവിശ്യയിൽ 1991-ൽ ശഹീദാക്കുകയുണ്ടായി. മർഹൂമ മൂസ്വിയ ആയിരുന്നു.

സന്തപ്ത കുടുംബത്തിൽ മൂന്ന് പെൺമക്കളും ഏഴ് ആൺമക്കളുമുണ്ട്. അവരുടെ ഒരു മകൻ ആബിദ് മഹ്മൂദ് ഭട്ടി സാഹിബ് വാഖ്ഫെ സിന്ദഗിയും മുറബ്ബിയും ടൻസാനിയ ജാമിഅ അഹ്മദിയ്യാ പ്രിൻസിപ്പലും അവിടെ നാഇബ് അമീറുമാകുന്നു. ഫീൽഡിൽ ആയതിനാൽ അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അസ്ചെക്കിലെ മുൻ സ്വദ്ർ ലജ്ന ഖയ്യൂംസാഹിബ പറയുന്നു: 15 വർഷം സ്വദ്ർ ലജ്നയായി സേവനം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഇക്കാലത്ത് ഞാൻ പരേതയിൽ നിരവധി നന്മകൾ കണ്ടിട്ടുണ്ട്. നമസ്കാര നോമ്പുകാര്യങ്ങളിൽ കൃത്യനിഷ്ഠയും അഞ്ചുനേര നമസ്കാരങ്ങൾ വളരെ കൃത്യമായി അനുഷ്ഠിക്കുകയും മസ്ജിദിൽ സ്ത്രീകൾക്ക് പോകാൻ അനുമതി ഉണ്ടായിരുന്ന കാലമത്രയും കൃത്യമായി ജുമുഅക്കെത്തി ആദ്യ സ്വഫ്ഫിൽത്തന്നെ ഇരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അവിടെ ജുമുഅ നമസ്കരിക്കാനും ഈദു നമസ്കരിക്കാനും സ്ത്രീകൾക്ക് മസ്ജിദിൽ പോകുന്നതിന് വിലക്കുണ്ട്. ഇപ്പോൾ സ്ത്രീകൾ, അസ്വസ്ഥതകൾ നീങ്ങി തങ്ങൾക്കെപ്പോഴാണ് മസ്ജിദിൽ പോകാൻ സാധിക്കുക എന്നോർത്ത് വീട്ടിൽ വിഷമിച്ച് കഴിയുകയാണ്. അവർക്കു വേണ്ടിയും ദുആ ചെയുക. അല്ലാഹു പാക്കിസ്താനിലെ ആളുകൾക്കുമേൽ കരുണ ചൊരിയുമാറാകട്ടെ. ഇവർ എല്ലാ യോഗങ്ങളിലും പങ്കെടുത്തിരുന്നു. റമളാൻമാസത്തിൽ കൃത്യമായി ലജ്നയോടൊപ്പം തറാവീഹ് നമസ്കാരം മസ്ജിദിൽ വന്ന് അനുഷ്ഠിച്ചിരുന്നു. എപ്പോഴും തന്റെ മക്കളേയും അവരുടെ മക്കളേയും മസ്ജിദുമായി ബന്ധിപ്പിച്ച് നിറുത്തിയിരുന്നു. മക്കൾക്ക് നല്ല തർബിയ്യത്തും നൽകിയിരുന്നു. എപ്പോഴും മക്കളെ ജമാഅത്തുപരമായ സേവനവുമായി ബന്ധിപ്പിച്ച് നിറുത്തുകയും ചെയ്തിരുന്നു.

അവരുടെ മകൻ ഖയ്സ്വർ മഹ്മൂദ് ഭട്ടി സാഹിബ് എഴുതുന്നു: പരേത എപ്പോഴും ചന്ദകൾ തന്റെ പോക്കറ്റ് മണിയിൽനിന്നാണ് നൽകിയിരുന്നത്. വസ്വിയ്യത്തിന്റെ ചന്ദയും താൻ സ്വരുക്കൂട്ടിയ തുകയിൽ നിന്നുതന്നെ കൊടുക്കുമായിരുന്നു. ഞങ്ങൾ ചന്ദ ഹിസ്സ ജാഇദാദ് കൊടുക്കാമെന്ന് നിർബന്ധിച്ച് പറഞ്ഞിരുന്നെങ്കിലും അവർ അത് പൂർണമായും നിരസിക്കുകയും ഞാനെന്റെ റബ്ബിന്റെ മാർഗത്തിൽ വസ്വിയ്യത്ത് ചെയ്തതാണെന്നും അതു കൊടുക്കേണ്ടത് തന്റെ കടമയാണെന്നും പറഞ്ഞിരുന്നു. ദീനീ കാര്യങ്ങളിൽ ആത്മാഭിമാനവും സഹായവും ചെയ്തിരുന്നു. 1989-ൽ ഗ്രാമത്തിൽ ജമാഅത്തിന്റെ അവസ്ഥ ഏറെ ദുഷ്കരമായി. ശത്രുക്കൾ അഹ്മദി വീടുകൾക്ക് തീയിടാനും മസ്ജിദ് പിടിച്ചെടുക്കാനും ആഗ്രഹിച്ചു. അന്ന് അവർ ഭർത്താവിനോടും മക്കളോടും പറഞ്ഞു: നിങ്ങളെല്ലാവരും മസ്ജിദിൽ പൊയ്ക്കൊള്ളുക, ഞാൻ ഒറ്റക്ക് വീട് സംരക്ഷിച്ചുകൊള്ളാം. അന്ന് അവരുടെ പിതാവ്, ഭർത്താവ്, മക്കൾ തുടങ്ങിയവരെയെല്ലാം പോലീസ് അറസ്റ്റു ചെയ്തു കൊണ്ടുപോയി. പറയപ്പെട്ട പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. മകൻ പറയുന്നു: അവർ രാത്രി മുഴുവൻ അല്ലാഹുവേ, എന്റെ ഭർത്താവിനെയും മക്കളെയും സ്ഥൈര്യത്തോടുകൂടി ജമാഅത്തിൽ ഉറപ്പിച്ചു നിറുത്തേണമേ എന്ന് കരഞ്ഞ് കരഞ്ഞ് ദുആ ചെയ്തു കൊണ്ടിരുന്നു.

അല്ലാഹു അവരോടു കരുണയോടും പൊറുമയോടുംകൂടി പെരുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം മാസ്റ്റർ സആദത്ത് അഹ്മദ് അശ്റഫ് സാഹിബിന്റെതാണ്. ഇദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ ബോഡിഗാർഡായിരുന്ന ഖുശീ മുഹമ്മദ് സാഹിബിന്റെ മകനാണ്. കഴിഞ്ഞ ദിവസം 84-ാമത്തെ വയസിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഒരു മകൻ ഉഥ്മാൻ അഹ്മദ് ത്വാലിഅ് സാഹിബ് സിയറാലിയോണിൽ മുറബ്ബിയാണ്. ഫീൽഡിൽ ആയിന്നതുകൊണ്ട് ഇദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

മുറബ്ബി ഉഥ്മാൻ അഹ്മദ് സാഹിബ് എഴുതുന്നു: പിതാവ് അധ്യാപകനായിരുന്നു. 1963-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) ആഹ്വാനത്തിനു ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് സിന്ധിലെ ബശീറാബാദിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നു. ഇവിടെ തഅ്ലീമുൽ ഇസ്‌ലാം സ്കൂളിൽ അറബി പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടു. സിന്ധിലെ ബശീറാബാദിലേക്ക് ഹിജ്റത്ത് ചെയ്യുന്നതിനു മുമ്പേ ദാറുർറഹ്മത്ത് ഗർബിയിലാണ് താമസിച്ചിരുന്നത്. ഇദ്ദേഹത്തിന് ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകിയുമായി നല്ല സ്നേഹബന്ധമായിരുന്നു. പറയുന്നു: മൗലാനാ രാജേകി സാഹിബ്

ശേഷം പേജ് 11 ൽ

**• ഹദീഥുന്നബ്‌വി(സ) •**

**'അല്ലാഹുവിനോടും അവന്റെ ദൂതനോടും മുസ്‌ലിം നേതാക്കന്മാരോടും പൊതുവെ മുസ്‌ലിം ജനതയോടും ഉള്ള വിശ്വാസമാകുന്നു മതം.'**

**(ബു. 2:42)**

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

**'വിജ്ഞാനമുള്ള വാക്ക് വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്മേൽ അവന് കൂടുതൽ അവകാശമുണ്ട്.' (തിർമുദി, 39:19)**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

ലേഖനം

# മുഹമ്മദുനബി(സ) മനഃശാസ്ത്ര വിദഗ്ദ്ധനെന്ന നിലയിൽ

- ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ.(റ)

(വിവർത്തനം: മുഹമ്മദു ഇസ്മായീൽ, ആലപ്പുഴ)

ലോകത്ത് ഒട്ടനവധി മനഃശാസ്ത്ര വിദഗ്ദ്ധർ കഴിഞ്ഞു കടന്നിട്ടുണ്ട്. ഇക്കാലത്ത് ഈ ശാസ്ത്രം പ്രത്യേകമായും വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പക്ഷേ, ചിന്തിച്ചുനോക്കുന്നതായാൽ ഈ ശാസ്ത്രത്തിന്റെ പണ്ഡിതരെന്ന് പറയപ്പെടുന്ന ഭൂരിഭാഗമാളുകളുടേയും അറിവ് സാങ്കേതികത്വങ്ങളിൽ മാത്രം പരിമിതമാണെന്ന് കാണാം. സാങ്കേതികത്വങ്ങളുടെ ശാസ്ത്രത്തിനു മുകളിൽ കടന്ന് ആരെങ്കിലും യഥാർഥ അറിവുവരെ എത്തിയാലും അതുകേവലം ആ വിദ്യയുടെ ജ്ഞാനപരമായ ഭാഗംവരെ പരിമിതമായിരിക്കും. അതിന്റെ കർമപരമായ ഭാഗം- അതാണ് യഥാർഥ ലക്ഷ്യമായിട്ടുള്ളത്- ആ വിദ്യയുടെ ഭുരിഭാഗവും വിദഗ്ദ്ധർക്ക് അപ്രാപ്യമായിരിക്കുന്നു. അത് മാനഃശാസ്ത്രത്തിൽമാത്രം ക്ലിപ്തമാക്കപ്പെട്ടതല്ല. ലോകത്തിലെ ധാരാളം അറിവുകൾ ഇതേ അപജയത്തിന്റെ അവസ്ഥയിൽ കാണാവുന്നതാണ്. അതായത് ജനങ്ങളുടെ അറിവ് സാങ്കേതികത്വങ്ങളുടെ പരിധിക്കപ്പുറം കടന്നുപോകുന്നില്ല. ഏതു രീതികളിൽ അവർ മുന്നോട്ടു പോയാൽതന്നെയും അത് ജ്ഞാനപരമായ വശംവരെ മാത്രം പരിമിതമായിരിക്കും. അറിവുകളുടെ കർമപരമായ ഉപയോഗം വരെ എത്തുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. തർക്കശാസ്ത്രത്തെ നോക്കുക. അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളെ ഈ ശാസ്ത്രത്തിന്റെ വിദഗ്ദ്ധരായി കാണാം. എന്നാൽ, അവരുടെ അറിവ് സാങ്കേതികത്വങ്ങളിൽനിന്ന് മുമ്പോട്ടു പോകുന്നില്ല. അവരുടെ പ്രിയപ്പെട്ട ആയുസ്സ് സാങ്കേതികത്വങ്ങൾ മനഃപ്പാഠമാക്കുന്നതിൽമാത്രം ചെലവഴിക്കപ്പെടുന്നു. എതിർ വിസ്താരത്തിന്റേയും മാറ്റത്തിന്റേയും ശരിയായ നൈപുണ്യം ഉണ്ടാകുകയെന്നുള്ള ആ അറിവിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ഭൂരിഭാഗമാളുകളും പിന്തള്ളപ്പെട്ടുപോകുകയാണ്. എന്നല്ല ചില നേരങ്ങളിൽ തർക്കശാസ്ത്രത്തിന്റെ ആളുകൾ തങ്ങളുടെ തെളിവുകളിൽ കൂടുതൽ ബുദ്ധിശൂന്യരും നിസ്സാരരുമായി കാണപ്പെടുന്നു. കാരണം സാങ്കേതികത്വങ്ങളുടെ പ്രതിസന്ധി അവർക്ക് യാഥാർഥ്യംവരെ എത്തുന്നതിനുള്ള വഴിയിൽ തടസ്സമായിത്തീരുന്നു. പക്ഷേ, സാധാരണക്കാരെ അപേക്ഷിച്ച് പ്രവാചകന്മാരുടെ അവസ്ഥകളിൽ ദൃഷ്ടി പായിക്കുന്നതായാൽ ഈ വ്യത്യാസം വ്യക്തമായ രീതിയിൽ, അവരുടെ പ്രസ്തുത അറിവുകൾ യാഥാർഥ്യത്തിലധിഷ്ഠിതമാണെന്ന് കാണാൻ കഴിയും. എന്നല്ല ഭൗതികമായ അറിവുകളുടെ കുറവു കാരണത്താൽ അവർ ചില നേരങ്ങളിൽ അറിവുകളുടെ സാങ്കേതികത്വങ്ങളിൽ പരിചയമുള്ളവരാകുകയില്ല. എന്നാൽ, അവരുടെ പ്രവർത്തനമണ്ഡലവുമായി ബന്ധം വെക്കുന്ന എല്ലാ അറിവിന്റേയും യഥാർഥ ഉദ്ദേശ്യവും തേട്ടവും അല്ലെങ്കിൽ മറ്റുവാക്കുകളിൽ ആ അറിവിന്റെ മജ്ജയേയും ശ്രേഷ്ഠതയേയും കുറിച്ച് അവർക്ക് പൂർണമായ അറിവുണ്ടായിരിക്കുകയും ചെയ്യും. അവരെക്കാളുപരി ആർക്കും അത്തരം അറിവിന്റെ പാണ്ഡിത്യം കിട്ടുകയില്ല.

### നബിമാരും മനഃശാസ്ത്രവും

മനുഷ്യന്റെ മാനസികമായ പ്രതികരണങ്ങളുടെ അറിവും നബിമാരുടെ പ്രത്യേകമാക്കപ്പെട്ട അറിവുകളുടെ ഭാഗവുമാണ് മനഃശാസ്ത്രവും. കാരണം തർബിയ്യത്തി(വിദ്യനല്കി സംസ്കരിക്കുക)ന്റേയും ഇസ്‌ലാഹി(പരിഷ്കരിക്കൽ)ന്റേയും പ്രവൃത്തിയുമായി ഈ അറിവിന് പ്രത്യേക ബന്ധമുണ്ട്. എന്നല്ല സത്യം പറഞ്ഞാൽ ശരീഅത്തിന്റെ അടിത്തറയിടൽ അധികവും ഇതേ അറിവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപിതമാകുന്നത്. പക്ഷേ, വിശുദ്ധ ഖുർആൻ നമ്മളോടു പറയുന്നതുപോലെ അവസ്ഥകളിൽനിന്ന് അതുതന്നെയാണ് പ്രകടമാകുന്നത്, നബിമാർക്കും പദവികളുണ്ട്. എത്തരത്തിലുള്ള ജോലികളാണോ ഓരോ നബിയുടേയും ചുമതലയിൽ വരുന്നത് അതനുസരിച്ച് അയാൾക്ക് അല്ലാഹുവിൽനിന്ന് കഴിവുകൾ നല്കപ്പെടുകയും അറിവുകളുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.

### നബി(സ)തിരുമേനിയും മനഃശാസ്തരവും

നമ്മുടെ നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനായിരുന്നു. കഴിഞ്ഞു കടന്ന നബിമാർക്കു വിരുദ്ധമായി അവിടന്ന് മുഴു ലോകത്തിന്റേയും പരിഷ്കരണത്തിന് നിയമിക്കപ്പെട്ടു. അവിടത്തെ സന്ദേശം എല്ലാ കറുത്തവന്റേയും വെളുത്തവന്റേയും പേരിലായിരുന്നു. അവിടത്തെ ന്യായപ്രമാണം എല്ലാ ജനതയ്ക്കും എക്കാലത്തേക്കുംവേണ്ടി അയക്കപ്പെട്ടതായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അതിനുള്ളിൽ ശക്തികളും നിക്ഷേപിക്കപ്പെട്ടിരുന്നു. ആ മഹാത്മാവിന് പ്രദാനം ചെയ്യപ്പെട്ട അറിവുകൾ ആ മഹത്തായ ജോലി നിർവഹിക്കുന്നതിന് അത്യാവശ്യമായിരുന്നു. അതിൽ ഒരു നബിക്കും അപമാനമില്ല. മറ്റു നബിമാരിൽ ആർക്കും ആ മഹാത്മാവിന് നല്കപ്പെട്ട അറിവുകൾ നല്കപ്പെട്ടിരുന്നില്ല. അവിടന്ന് ഏതൊരു ശക്തികളുമായാണോ വന്നത് അത് മറ്റാരും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് അന സയ്യിദു വലദി ആദമ വലാ ഫഖ്റ ഞാൻ ആദം സന്തികളുടെ നേതാവാകന്നു; എന്നാൽ, അക്കാരണത്താൽ ഞാനെന്റെ ആത്മാവിൽ അഹങ്കാരമൊന്നും കാണുന്നില്ല. നബി(സ)തിരുമേനിയാണെങ്കിൽ ദൈവദൂതന്മാരിൽ അതിശ്രേഷ്ഠനായിരുന്നു. അപ്പോൾ തീർച്ചയായും മനഃശാസ്ത്രത്തിലും- പ്രവാചകത്വത്തിന്റെ നിർബന്ധ കടമകളോടൊപ്പം അതറിയേണ്ടതും പസ്പരപൂരിതങ്ങൾ എന്ന നിലയിൽ അവിടന്ന് ഏറ്റവും ഒന്നാമനും ഏറ്റവും മുന്നിലും ആകേണ്ടത് അത്യാവശ്യമായിരുന്നു. യഥാർഥത്തിൽ അങ്ങനെത്തന്നെയായിരുന്നുവെന്ന് നമ്മൾ കാണുന്നു. കാരണം നബി(സ)തിരുമേനിയെക്കൊണ്ട് അല്ലാഹു തർബിയ്യത്തിന്റേയും ഇസ്‌ലാഹിന്റേയും മഹത്തായതും അദ്വിതീയവുമായ ജോലി ചെയ്യിക്കണമായിരുന്നു. അതുകൊണ്ട് ഒരു മുന്തിയ സ്പോഞ്ചിന്റെ കഷണം വെള്ളത്തിൽ മുക്കിയെടുത്തതിനുശേഷം എപ്രകാരം വെള്ളം നിറഞ്ഞതായിരിക്കുമോ അതേപ്രകാരം ഈ ശാസ്ത്രം ആ മഹാത്മാവിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നു. ഒരു പ്രകൃത്യയുള്ള അരുവി എന്ന നിലയിൽ ഈ ശാസ്ത്രത്തിന്റെ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ ഈ മഹാത്മാവിൽനിന്ന് അണപൊട്ടി ഒഴുകിക്കൊണ്ടിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ ഹ്രസ്വമായ ലേഖനത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും വിവരിക്കാനിടമില്ല. എന്നല്ല ഏതെങ്കിലും ഒരു വശംതന്നെ വിശദമായി വിവരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഞാനിവിടെ വളരെ സംക്ഷിപ്തമായി കേവലം കുറച്ചു ഉദാഹരണങ്ങൾ അവിടത്തെ 'സംസാരത്തിൽ' നിന്നുള്ളവ വിവരിക്കുന്നതാണ്. ഇതിൽനിന്ന് എങ്ങനെയാണ് അവിടത്തെ ഓരോ കാര്യവും മനഃശാസ്ത്രത്തിന്റെ ശാശ്വതമായ നിയമത്തിന്റെ അച്ചിൽ വാർത്തെടുത്ത് പുറത്തുവരുന്നതെന്ന് അറിയാൻ കഴിയും. കൂടുതൽ സംക്ഷിപ്തമാക്കണം എന്ന വിചാരത്തോടെ ഞാൻ അവിടത്തെ നിത്യേനയുണ്ടാകുന്ന സംസാരത്തിൽനിന്ന് അനൈച്ഛികമായി പുറപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ഭാഗം മാത്രം എടുക്കുകയാണ്.

### നബി(സ)തിരുമേനിയുടെ സംസാരത്തിന്റെ ശ്രേഷ്ഠത

ഞാൻ പറഞ്ഞു കഴിഞ്ഞതാണ്, സാധാരണഭാഷയിൽ മനഃശാസ്ത്രമെന്ന് പറയുന്നത് മാനസികമായ വ്യാഖ്യാനത്തിന്റേയും അതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടേയും പേരാണ്. ഈ ശാസ്ത്രത്തിൽ മാനസികമായ പ്രതികരണംകൊണ്ടാണ് ചർച്ച ചെയ്യുന്നത്. മനുഷ്യൻ എങ്ങനെയാണ് തന്റെ ചുറ്റുപാടുകളിൽനിന്ന് സ്വാധീനം സ്വീകരിക്കുന്നതെന്ന് പറയുകയും ചെയ്യുന്നു. അവന്റെ ചിന്താഗതികളുടെ മുൻവശം എങ്ങനെ, ഏതു നിയമങ്ങൾക്കു വിധേയമായി ചലിക്കുന്നു തുടങ്ങിയവ. നബി(സ)തിരുമേനിയുടെ സംസാരത്തിലുണ്ടായിരുന്ന ശ്രേഷ്ഠത സംബോധനചെയ്യപ്പെടുന്നവർ വ്യക്തിയോ സംഘമോ ആരായാലും അവരുടെ മാനസികമായ അവസ്ഥയെ പൂർണമായും പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു എന്നതാണ്. ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റേയോ ചിന്താഗതികളുടെ പരിഷ്കരണത്തിന് ഇത് ഉത്തമമായ മാർഗം ആകാവുന്നതാണ്. അതനുസരിച്ചായിരുന്നു അവിടത്തെ അനുഗൃഹീതമായ സംസാരം. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേകമായ ഇംഗിതം മറ്റൊന്ന് ഉണ്ടായാലൊഴികെ അവിടത്തെ ഓരോ സംസാരവും ഒരു ഇരുമ്പാണി പോലെ ശ്രോതാവിന്റെ മനസ്സിൽ തറച്ചു കയറുമായിരുന്നു. അവിടന്ന് സംബോധനചെയ്യപ്പെടുന്നവന്റെ ചിന്താഗതികളുടെ ഒഴുക്ക് തെറ്റായ വഴിയിലേക്ക് പോകുന്നതു കണ്ടോ അല്ലെങ്കിൽ അവൻ തെറ്റായ വഴിയിൽ പതിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയോ ക്ഷണത്തിൽ ശ്രോതാവിന്റെ മാനസികമായ ഒഴുക്കിനെ വിച്ഛേദിച്ച് അതിന്റെ ദിശമാറ്റുന്ന കാര്യം പറയുമായിരുന്നു. അവിടത്തെ ജീവിതത്തിൽ അത്തരം ഉദാഹരണങ്ങൾ ആയിരക്കണക്കിന് ലഭിക്കുന്നുണ്ട്. എന്നാൽ, ഞാനിവിടെ മാതൃക എന്ന നിലയിൽ അല്പം ചിലത് മാത്രം പറഞ്ഞ് വിരമിക്കുകയാണ്.

### ബദ്ർയുദ്ധാവസരത്തിലെ മാതൃക

ബദ്ർ യുദ്ധാവസരത്തിൽ മുസ്‌ലിം സൈന്യം മുമ്പിൽ എത്തിയിരുന്നില്ല, എന്നല്ല ഭൂരിഭാഗം മുസ്‌ലിമീങ്ങൾക്കും അവിശ്വാസികളുടെ ഒരു ശക്തമായ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടുവരുന്നുവെന്നുള്ള വിവരമില്ലായിരുന്നു. കച്ചവടസംഘത്തെ നേരിടേണ്ടിവരുമെന്ന വിചാരത്തോടെമാത്രം അവർ വീട്ടിൽനിന്ന് പറുപ്പെട്ടതാണ്- ആ നേരത്ത് ചില സ്വഹാബത്ത് മക്കയിലെ അവിശ്വാസികളുടെ ഒരു പട്ടാളക്കാരനെ ഒരു അരുവിക്കരയിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് നബി(സ)തിരുമനിയുടെ സന്നിധിയിൽ ഹാജരാക്കി. നബി(സ)തിരുമേനി അയാളോടു അവിശ്വാസികളുടെ സൈന്യത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ചോദിച്ചു. പിന്നീട് മക്കയിലെ നേതാക്കന്മാരിൽ ആരൊക്കെയാണ് കൂടെയുള്ളതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: ഉത്ബ, ശെയ്ബ, ഉമയ്യ, നള്ർ ബിൻ ഹാരിഥ്, ഉഖ്ബ, അബൂജഹ്ൽ,

അബുൽബഖ്തരി, ഹക്കീം ബീൻ ഹസാം തുടങ്ങിയവരെല്ലാം കൂടെയുണ്ട്. ഇവർ ഖുറയ്ശി ഗോത്രത്തിന്റെ ഊടുംപാവുമായിരുന്നു. അങ്ങേയറ്റം ധീരരും ഫൈൽവാന്മാരായ സേനാധിപരായി മനസ്സിലാക്കപ്പെട്ടവരുമായിരുന്നു. അവരുടെ പേരുകേട്ടും മക്കയിലെ മുഴുവൻ പ്രസിദ്ധരായവരും മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടുവരുന്നുവെന്ന് മനസ്സിലാക്കിയും ദുർബലരായ ചില സ്വഹാബിമാർ പരിഭ്രമിച്ചു. നബി(സ)തിരുമേനി അവരെ ദൃഷ്ടി ഉയർത്തി നോക്കി, അനൈച്ഛികമായി പറഞ്ഞു: **ഹാദിഹീ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്‌ലാദ കബദിഹാ** എടുത്തുകൊള്ളുക! മക്ക നിങ്ങളുടെ മുമ്പിൽ തങ്ങളുടെ കരളിന്റെമൂല എടുത്തു വെച്ചിരിക്കുന്നു. അതായത് നിങ്ങൾ സന്തോഷിക്കുക! അല്ലാഹു നിങ്ങൾക്കു വേണ്ടി ഇത്ര വലിയ ഇരയെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഇതുകേട്ടതോടെ സ്വഹാബത്തിന്റെ ചിന്താഗതികളുടെ ഒഴുക്കിന്റെ ഗതി ക്ഷണത്തിൽ മാറി. ഇതൊരു പരിഭ്രമിക്കേണ്ട അവസരമല്ലെന്നും പ്രത്യുത അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് ആ അവിശ്വാസികളുടെ നേതാക്കന്മാരെ തങ്ങളുടെ കൈയാൽ നശിപ്പിക്കുന്നതിനുവേണ്ടി ഒരുമിച്ചു കൂട്ടിയിരിക്കുകയാണെന്നും അവർ മനസ്സിലാക്കി. ഇപ്രകാരം ദുർബലരായ മുസ്‌ലിമീങ്ങളെ പ്രയാസങ്ങൾക്കും ഭയത്തിനും കാരണമാകുമായിരുന്ന ആ വിവരം നബി(സ)തിരുമേനിയുടെ ഒരു അനൈച്ഛികമായ കാര്യംകൊണ്ട് അവരുടെ സന്തോഷത്തിനും അവരെ ശക്തിപ്പെടുത്താനും നിമിത്തമായി. നബി(സ)തിരുമേനി ഈ വാക്യം എന്തെങ്കിലും ചിന്തയുടേയോ ആലോചനയുടേയോ ഫലമായല്ല പറഞ്ഞത്. പ്രത്യുത അവിടെ അവിടന്ന് മക്കയിലെ പട്ടാളക്കാരന്റെ വായിൽനിന്ന് ഈ വാക്കുകൾ കേൾക്കുകയും സ്വഹാബത്തിന്റെ മുഖങ്ങളിൽ ദൃഷ്ടി പായിച്ച് പരിഭ്രമം അവരുടെ മുഖത്ത് നിഴലിക്കുന്നതായി കാണുകയും ചെയ്തപ്പോൾ അനൈച്ഛികമായ നിലയിൽ ഇവിടെ ഒരു അമ്പ് അതിന്റെ വില്ലിന്റെ ഞാണിൽനിന്ന് പുറപ്പെടുന്നതുപോലെ അവിടത്തെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തുവരികയായിരുന്നു. ഈ സംസാരത്തിന്റെ ഫലമായി മുസ്‌ലിമീങ്ങളുടെ ചിന്താഗതികളുടെ ഒഴുക്ക് ക്ഷണത്തിൽ ഗതിമാറ്റി.

### മക്ക വിജയാവസരത്തിലെ മാതൃക

മക്ക വിജയാവസരത്തിൽ നബി(സ)തിരുമേനി മക്കയിലെ നേതാവായ അബുസുഫിയാന്റെ അനുഭാവവും സമ്മതിച്ചിരുന്നു. അയാളോടു നബി(സ)തിരുമേനി ചില വാഗ്ദാനങ്ങളും ചെയതിരുന്നു. മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അബുസുഫിയാൻ ഒരു ഉയർന്ന സ്ഥലത്ത് ഇരുന്ന് സൈന്യവ്യൂഹത്തെ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അൻസ്വാറിന്റെ ഒരു സേനാനായകനായ സഅ്ദ് ബിൻ ഉബാദ, അബൂ സുഫിയാനെ കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഇന്ന് ഖുറയ്ശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് ആ അവസരത്തിൽ വിളിച്ചു പറഞ്ഞു. ഉടനെ അബൂസുഫിയാൻ നബി(സ)തിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു:'സഅ്ദ് പറഞ്ഞതെന്താണെന്ന് അങ്ങ് കേട്ടില്ലേ? ഇന്ന് മക്കയുടെ നിന്ദാ ദിവസമാണെന്ന് സഅ്ദ് പറയുന്നു.'

നബി(സ)തിരുമേനി പറഞ്ഞു: 'സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്ന് നിന്ദയുടെ ദിനമല്ല. ഇന്ന് മക്കയുടെ വന്ദനത്തിന്റെ ദിനമാണ്. സഅ്ദിൽനിന്ന് പതാക വാങ്ങി അദ്ദേഹത്തിന്റെ മകനെ ഏല്പിച്ചു.'

ഇതൊരു അനൈച്ഛികമായ സംസാരമായിരുന്നു. എന്നാൽ, നോക്കുകയാണെങ്കിൽ അതിൽ മനഃശാസ്ത്രത്തിന്റെ എത്രയോ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ മറഞ്ഞിരിക്കുന്നതാണെന്ന് കാണാം. ഒന്നാമത്തെ കാര്യം ഇതാണ്: 'മക്കക്കാരുടെ നിന്ദ' എന്ന വാക്യത്തിൽ, നബി(സ)തിരുമേനി മക്കയിൽ പ്രവേശിക്കുകയാണെങ്കിൽ അത് മക്കക്കാരുടെ നിന്ദയായിരിക്കുമെന്ന് മനസ്സിലാക്കാമായിരുന്നു എന്നാണ്. വാസ്തവത്തിൽ നബി(സ)തിരുമേനി വിജയിക്കുകയാണെങ്കിലും അത് നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ വരുമ്പോൾ അത് മക്കയുടെ വന്ദനമായിരിക്കും. പിന്നീട് മക്കയുടെ സ്ഥാനം എങ്ങനെയുള്ളതാണെന്നാൽ അതിനെ ഒരു അവസ്ഥയിലും നിന്ദയുമായി ചേർത്ത് പറയാൻ സാധിക്കുകയില്ല. രണ്ടാമത്തേത് സഅ്ദിന്റെ വാക്യത്തിൽനിന്നും ആ വാക്യം പറയുന്ന രീതിയിൽനിന്നും മുസ്‌ലിമീങ്ങളുടെ മനസ്സിൽ അബു സുഫിയാനെ സംബന്ധിച്ച് അവഹേളനത്തിന്റെ വികാരങ്ങൾ ഉണ്ടാകാമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ഇച്ഛ അയാൾക്ക് ധൈര്യം പകരുക എന്നതായിരുന്നു. അതുകൊണ്ട് അവിടന്ന് പെട്ടെന്നുതന്നെ അബൂസുഫിയാന്റെ പരാതിയിൽ സഅ്ദിന് മുന്നറിയിപ്പ് നല്കി. മുസ്‌ലിമീങ്ങളുടെ ചിന്താഗതികളെ തെറ്റായ വഴിയിൽ പതിക്കുന്നതിൽനിന്ന് തടഞ്ഞു. മൂന്നാമത്തേത് സഅ്ദിന്റെ വായിൽനിന്ന് അനിയന്ത്രിതമായാണ് ഈ വാക്യം പുറപ്പെട്ടതെന്നും മനഃപ്പൂർവമല്ലെന്നും പിന്നെ അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവാണെന്ന് ചിന്തിച്ച് അദ്ദേഹത്തിന് കഴിവതും അവഹേളനം തോന്നരുതെന്ന് കണ്ട് മറ്റുള്ളവർക്ക് കുറ്റപ്പെടുത്താനുള്ള അവസരം ഉണ്ടാകാതിരിക്കുന്നതിനും സഅ്ദിനെ ആശ്വാസപ്പെടുത്തിന്നതിനും വേണ്ടി അദ്ദേഹത്തിന്റെ കൈയിൽനിന്ന് പതാക വാങ്ങാൻ കല്പിക്കുകയും എന്നാൽ, അതിനൊടൊപ്പംതന്നെ അദ്ദേഹത്തിന്റെ മകന് പതാക കൈമാറാനും കല്പിച്ചു. ചിന്തിക്കുക! നബി(സ)തിരുമേനിയുടെ വായിൽനിന്ന് പുറപ്പെട്ട ഈ അനൈച്ഛിക ഹ്രസ്വമായ വാക്കുകളിൽ അവിടത്തെ ദൃഷ്ടി എവിടെന്ന് എവിടവരെയെത്തി! ഒറ്റനിമിഷത്തിൽ അവിടത്തെ(സ) വാക്കുകൾ നഷ്ടമുണ്ടാക്കാവുന്ന മാനിസികമായ വാതിലുകളെല്ലാം അടയ്ക്കുകയും ഫലപ്രദമായ പല വാതിലുകൾ തുറക്കുകയും ചെയ്തു.

### ഹുനയ്ൻ യുദ്ധാവസരത്തിലെ മാതൃക

ഹുനയ്ൻ യുദ്ധത്തിനുശേഷം യുദ്ധമുതലുകളുടെ വിതരണപ്രശ്നമുണ്ടായപ്പോൾ നബി(സ)തിരുമേനി മക്കക്കാരുടെ മനസ്സിണക്കുക എന്ന ചിന്തയോടെ അവർക്ക് കൂടുതൽ ഭാഗം നല്കി. ആവേശഭരിതരും ചിന്താശക്തി കുറഞ്ഞവരുമായ ചില അൻസ്വാറിന് അതിൽ ആക്ഷേപമുണ്ടായി. അവർ പറഞ്ഞു: 'ചോര ഞങ്ങളുടെ വാളുകളുടെ മുനയിൽനിന്ന് ഇറ്റു വീണു കൊണ്ടിരിക്കുകയാണ്. എന്നാൽ, സമ്മാനം മക്കക്കാർ കൊണ്ടുപോയി.' നബി(സ)തിരുമേനി ഇക്കാര്യം അറിഞ്ഞു. അവിടന്ന് അൻസ്വാറിനെ പ്രത്യേകമായൊരു സ്ഥലത്ത് സംഘടിപ്പിച്ചു. അവരോടു പറഞ്ഞു: 'എനിക്ക് ഇങ്ങനെയൊക്കെയുള്ള സംസാരം എത്തിയിരിക്കുന്നു. ആളുകൾ ആടുകളും ഒട്ടകങ്ങളും കൊണ്ടുപോകുകയാണ്. എന്നാൽ, നിങ്ങളോടൊപ്പം അല്ലാഹുവിന്റെ റസൂൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ നിങ്ങൾ സന്തോഷവാന്മരല്ലേ?' ഇതുകേട്ട് അനിയന്ത്രിതമായി അൻസ്വാറിന്റെ മുറവിളികൾ പുറത്തുവരികയും കരഞ്ഞു കരഞ്ഞ് അവരുടെ എക്കിൾസ്വരം നിലയ്ക്കുകയും ചെയ്തു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിലെ അജ്ഞരായ ചില യുവാക്കളുടെ വായിൽനിന്നാണ് ഈ വാക്യം പുറപ്പെട്ടത്. ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനെ എടുക്കുകയാണ്. ഞങ്ങൾക്ക് ഭൗതിക സമ്പത്തിനോടു താൽപര്യമില്ല.' അവിടന്ന് പറഞ്ഞു: "അൻസ്വാർ സംഘമേ! ഇനി നിങ്ങളെന്നെ സ്വർഗത്തിൽ ഹൗളുൽകൗഥറിൽ കാണുക."

മനഃശാസ്ത്രമനുസരിച്ച് ഈ സംഭവത്തിന്റേ ആദ്യഭാഗത്തിന്റെ വ്യാഖ്യാനം വ്യക്തമാണ്. അതിന് ഒരു അടിക്കുറിപ്പിന്റേയും ആവശ്യമില്ല. എന്നാൽ, അവിടന്ന് അവസാനം പറഞ്ഞ വാക്യം അല്പം വിശദീകരണം തേടുന്നുണ്ട്. ഇതൊരു വളരെ സാധാരണവും വ്യക്തവുമായ വാക്യമാണ്. എന്നാൽ, മനഃശാസ്ത്രത്തിന്റെ അച്ചിൽ എങ്ങനെ വാർത്താണ് അത് പുറപ്പെട്ടത്. അവിടത്തെ ഉദ്ദേശ്യമിതായിരുന്നു, നിങ്ങളിൽ ചിലർ ഭൗതികതയോടു ആർത്തി കാണിച്ചു. ഇനി അതിന് നഷ്ടപരിഹാരമായി നിങ്ങൾക്ക് ലോകത്ത് ആ ദൈവികസമ്മാനം നിഷേധിക്കപ്പെടുന്നതായിരിക്കും. അത് ലോകത്തിലെ സമ്മാനങ്ങളിൽ ഏറ്റവും വലിയ സമ്മാനമാണ്. അതായത് ഭരണവും രാജ്യവും. പക്ഷേ, നിങ്ങളുടെ ആത്മാർഥതയും നിങ്ങളുടെ ത്യാഗങ്ങളും പാഴായിപ്പോയെന്ന് കരുതരുത്. മറിച്ച് അതിനുവേണ്ടി നിങ്ങളെന്നെ പരലോകത്ത് ഹൗളുൽകൗഥറിൽ വന്ന് കാണണം. അവിടെ നിങ്ങൾ പരലോകത്തെ സമ്മാനങ്ങൾകൊണ്ട് സമ്പന്നരാക്കപ്പെടുന്നതായിരിക്കും. അല്ലാഹു നിങ്ങളുടെ എല്ലാ കുറവുകളും പരിഹരിക്കുന്നതായിരിക്കും. എന്നാൽ, ലോകത്തു ഭരണത്തിന്റേയും ആധിപത്യത്തിന്റേയും സമ്മാനം ഇനി നിങ്ങൾക്കു കിട്ടുകയില്ല. അതായത് ഈ ഹ്രസ്വവാക്യത്തിൽ അവിടന്ന് അൻസ്വാറിന്റെ മനസ്സിൽ ഈ പാഠം ദൃഢഗാഢമാക്കി. നിങ്ങൾ ദേശീയമായ നിലയിൽ ശക്തരാകാനും അഭിവൃദ്ധിപ്പെടാനും ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ദുർബലരായ കൂട്ടുകാരേയും നിങ്ങളോടൊപ്പം സംരക്ഷിച്ച് നടക്കുക. ഇല്ലെങ്കിൽ ഒരു ഭാഗത്തിനോടൊപ്പം മറ്റെ ഭാഗത്തേയും അവിടെ വഹിക്കേണ്ടിവരും. ഈ വാക്യത്തിൽ അവിടന്ന് ഇങ്ങനേയും പറഞ്ഞു: നിങ്ങൾ എന്റെ കോന്തലപിടിച്ചുകൊണ്ട് ഭൗതികാനുഗ്രഹങ്ങൾ ആശിച്ചു. ഇപ്പോൾ നിങ്ങൾ ഭൗതികാനുഗ്രഹങ്ങളിൽനിന്ന് കൈകഴുകി ഇരിക്കേണ്ടതല്ലെ? എന്നാൽ, ചിന്താഗതികളുടെ ഈ ഒഴുക്കിനോടൊപ്പം ക്ഷണത്തിലുണ്ടാകുന്ന ചിന്ത അൻസ്വാറിന്റെ ജമാഅത്ത് ദൈവികമായ സമ്മാനങ്ങൾ നിഷേധിക്കപ്പെട്ടവരായെന്നാണ്. അതുകൊണ്ടു അവിടന്ന് അതിനോടൊപ്പം ഉടനെ ആ ചിന്താഗതി അകറ്റി. അല്ല അങ്ങനെ ഒരിക്കലുമല്ല. പ്രത്യുത അല്ലാഹു അവരെ പരലോകത്ത് ദൈവിക പാരിതോഷികങ്ങളുടെ അവകാശികളാക്കും. കാരണം യഥാർഥ ജീവിതം പരലോകജീവിതം തന്നെയാണ്. അതുകൊണ്ട് പരലോകത്ത് സമ്മാനങ്ങൾ ലഭിച്ചാൽ ഭൗതികലോകത്തെ നിഷേധം പരിഗണനാർഹമല്ല. അവിടത്തെ ഈ വാക്യത്തിൽ കൂടുതൽ ആസ്വാദ്യതയുണ്ട്. നബി(സ)തിരുമേനിയുടെ ആ അവസരത്തിലെ യഥാർഥ ഉദ്ദേശ്യം അൻസ്വാറിന് മുന്നറിയിപ്പു നല്കുക എന്നതായിരുന്നു. പക്ഷേ, അവിടന്ന് സമ്മാനത്തിന്റെ ഭാഗം വ്യക്തമായ വാക്കുകളിൽ വിവരിച്ചു. എന്നാൽ, ശിക്ഷയുടേയും നിഷേധത്തിന്റേയും അർഥം വാക്കുകളിൽ വിവരിച്ചില്ല. പ്രത്യുത വരികൾക്കിടയിൽവച്ചു. അതായത് ഇനി നിങ്ങൾക്ക് ഇഹലോകത്ത് ഭരണത്തിന്റെ സമ്മാനം കിട്ടുകയില്ലെന്ന് പറഞ്ഞില്ല. മറിച്ച് ഇനി നിങ്ങൾ ആഖിറത്തിൽ എന്നെ കാണണമെന്ന് പറഞ്ഞ് നിശബ്ദനായി. കാരണം ഇതൊരു ശകാരത്തിന്റെ അവസരമായിരുന്നു. പരലോകത്ത് നിങ്ങൾ ദൈവിക സമ്മാനങ്ങളുടെ വളരെ വലിയ ഭാഗം പ്രാപിക്കുമെന്ന് പറയാതെ കേവലം എന്നെ ഹൗളുൽകൗഥറിൽ കാണണം എന്നുമാത്രം പറഞ്ഞ് അവിടന്ന് ഇക്കാര്യം പരസ്യപ്പെടുത്തിയില്ല. അതായത് ആ ഹൗളിൽ എന്റെ അടുത്ത് വരണം. അവിടെ എല്ലാ സമ്മാനവും എല്ലാ നന്മയും അങ്ങേയറ്റം അധികമായി കാണുന്നതായിരിക്കും. അതിൽ സൂചിപ്പി

ച്ചിരുന്നത് ഭൗതിക ലോകത്തെ അനുഗ്രഹ നിഷേധിത്തിന് പകരം പരലോകത്തെ സമ്മാനങ്ങളുടെ ആധിക്യമുണ്ടാകുമെന്നാണ്. ഇത് അറേബ്യൻ മണലാരണ്യത്തിലെ ആ നിരക്ഷരനായ നബിയുടെ സംസാരമാണ്. അദ്ദേഹം ബാഹ്യമായ അറിവിന്റെ അടിസ്ഥാനത്തിൽ അലിഫ്, ബ, ജീം, ദാൽവരെ അറിയാത്ത ആളായിരുന്നു.

**മറ്റൊരു അവസരത്തിലെ മാതൃക**

ദൈവേച്ഛ പ്രകാരം ഒരു യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് പരാജയമുണ്ടായി. ഒരുപാട് സ്വഹാബിമർ മൈതാനം വിട്ടോടി. പിന്നീട് ഇവർ നാണക്കേടു കാരണത്താൽ നബി(സ)തിരുമേനിയുടെ മുന്നിൽ വരുമായിരുന്നില്ല. അവർ മസ്ജിദിന്റെ മൂലയിൽ മുഖം മറച്ച് ഇരുട്ടത്തിരിക്കുന്നത് നബി(സ)തിരുമേനി കണ്ടു. നിങ്ങളാരാണെന്ന് അവിടന്ന് ചോദിച്ചു. അവർ നാണംകൊണ്ട് വെള്ളമാകുകയായിരന്നു. കരഞ്ഞുകൊണ്ട് പറഞ്ഞു: യാ റസൂലല്ലാഹ്! നഹ്നുൽഫർറാറൂന യാ റസൂലല്ലാഹ്! ഞങ്ങൾ ഓടിപ്പോയവരാണ്. അവിടന്ന് അനൈച്ഛികമായി പറഞ്ഞു: ബൽ അൻതും അക്കാറൂന അല്ല, നിങ്ങൾ ഓടിപ്പോയവരല്ല. നിങ്ങൾ വീണ്ടും ആക്രമിക്കുന്നതിനുവേണ്ടി തയ്യാറായിരിക്കുന്നവരാണ്. അല്ലാഹ്! അല്ലാഹ്! എന്തൊരു തേജോവിലാസം. യുദ്ധമൈതാനത്തുനിന്നു ഓടിപ്പോയ പട്ടാളക്കാർ നാണക്കേടിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. അവർ പറയുന്നു:യാ റസൂലല്ലാഹ്! ഞങ്ങൾ അങ്ങയ്ക്ക് എന്തുമുഖം കാണിക്കാനാണ്? ഞങ്ങൾ മൈതാനത്ത് പുറം കാണിച്ചു കഴിഞ്ഞിരിക്കുകയാണ്. അവരുടെ ധൈര്യം ചോർന്നു പോകുന്നത് നബി(സ)തിരുമേനി കാണുന്നു. ക്ഷണത്തിൽ പറയുന്നു:നിങ്ങൾ എവിടെ ഓടിപ്പോയവരാണ്. നിങ്ങൾ വീണ്ടും ശക്തമായി ആക്രമണം നടത്താൻ പിന്നോട്ടു മാറിയതാണ്. എന്നോടൊപ്പം ചേർന്ന് വീണ്ടും യുദ്ധത്തിന് ഇറങ്ങുക. ആ ഒരോറ്റ വാക്കുകൊണ്ട് ധൈര്യം ചോർന്നുപോയ സ്വഹാബിമാരെ അവരുടെ താഴ്ചയിൽനിന്നുയർത്തി ഏതു ഉന്നതിയിലാണ് എത്തിക്കുന്നത്!

(മളാമീനെ ബശീർ, പേജ് 159 - 165)

പേജ് 12 ൽ നിന്ന്

• 1249 അതിഥികളാണ് ഈ പരിപാടിയിൽ ഹാജരായത്. ജർമനിയെ കൂടാതെ 45 രാജ്യങ്ങളിൽ നിന്നുള്ള അതിഥികളും ഇതിൽ പങ്കെടുത്തിരുന്നു. ഇവർ അഫ്ഘാനിസ്ഥാൻ, പാക്കിസ്താൻ, ഇന്ത്യാ, ബംഗ്ലാദേശ്, നേപ്പാൾ, ഇന്തൊനേഷ്യ, കൊറിയ, മൊറോക്കോ, ഘാന, നൈജീരിയ, സോമാലിയ, എത്യോപ്പിയ, എറിട്രിയ, സുഡാൻ, ഇറാഖ്, ജോർദാൻ, സിറിയ, കുവൈറ്റ്, യമൻ, സഊദി അറേബ്യാ, മിസ്വ്ർ, തുർക്കി, ബെലാറസ്, ബൾഗേരിയ, മസിഡോണിയ, അൽബേനിയ, ബോസ്നിയാ, എസ്റ്റോണിയാ, ഇറ്റലി, ഹംഗറി, സ്പെയിൻ, ബെൽജിയം, ഫ്രാൻസ്, യൂ.കെ, ഹോളണ്ട്, ഓസ്ട്രിയ, നോർവെ, സ്വിറ്റ്സർലൻഡ്, ക്രൊയേഷ്യ, ലിത്വാനിയ, ചെച്നിയ, റുമാനിയ, അസർബൈജാൻ, അമേരിക്ക, കോസ്റ്ററിക്ക, ഇക്വഡോർ എന്നീ രാജ്യങ്ങളിൽനിന്ന് വന്നവരാണ്.

ഈ പരിപാടിയുടെ സമാപന സെഷൻ വിശുദ്ധ ഖുർആൻ പാരായണത്തോടും ജർമൻ തർജമയോടുംകൂടി ആരംഭിച്ചു. ശേഷം 04.25 - ന് ഹുദൂറിന്റെ പ്രഭാഷണം തുടങ്ങി. ഇംഗ്ലീഷ് ഭാഷയിലാണ് ഹുദൂർ സദസ്യരെ അഭിമുഖീകരിച്ചത്.

**ജർമൻ അനഹ്മദി അതിഥികളുടെ സംഗമം;**

**ഹുദൂറിന്റെ പ്രഭാഷണം.**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്.*

നിങ്ങളെല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ സമാധാനം ഉണ്ടാകുമാറാകട്ടെ. സമാധാനത്തോടെയുള്ള ജീവിതം എല്ലാവർക്കും നല്കുമാറാകട്ടെ. ഹൃദയാന്തരാളങ്ങളിൽ നിന്നുള്ള നന്ദി ആദ്യമായി എല്ലാവരേയും അറിയിക്കുകയാണ്. നിങ്ങളുടെ വിലയേറിയ സമയം നല്കിക്കൊണ്ട് ഇന്ന് നിങ്ങളിവിടെ വരികയും ഞങ്ങളുടെ വാർഷിക ജൽസയുടെ ഭാഗമാവുകയും ചെയ്തു.

ദൗർഭാഗ്യമെന്ന് പറയട്ടെ, ലോകത്തിലെ ഭൂരിഭാഗം ജനതയും പൊതുവെ മതത്തോടു വിശിഷ്യാ ഇസ്‌ലാമിനെ ഭയപ്പെടുന്നവരാണ്. ഈ സാഹചര്യത്തിൽ ആത്മാർഥമായ നിലയിൽ ഒരു മതപരമായ പരിപാടിയിലുള്ള നിങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കുന്നത് മതപരമായ അറിവ് കരസ്ഥമാക്കാനും ഇത് വിഷയകമായി ഗവേഷണം നടത്താനും നിങ്ങൾക്ക് താൽപര്യമുണ്ടെന്നാണ്. അതുകൊണ്ട് കൃതജ്ഞതാവികാരങ്ങളോടൊപ്പം ഞാൻ പ്രാർഥിക്കുന്നു. മതത്തിന്റെ യാഥാർഥ്യവും അതിന്റെ ആവശ്യകതയും ഹൃദയാത്മനാ അറിയാനാഗ്രഹിക്കുന്നവരിൽ നിങ്ങളും എണ്ണപ്പെടുമാറാകട്ടെ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ എന്ന നിലയിൽ ഇന്ന് ഞാൻ സംക്ഷിപ്തമായി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ കുറിച്ച് പറയാം. നിശ്ചയമായും കുറഞ്ഞ സമയത്തിൽ എല്ലാ അധ്യാപനങ്ങളും പരാമർശിക്കുക സാധ്യമല്ല. അതുകൊണ്ട് അതിന്റെ ഏതാനും വശങ്ങൾ മാത്രം സമർപിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

ഇടയ്ക്കിടെ പാശ്ചാത്യലോകത്ത് ഇസ്‌ലാമിനെ സംബന്ധിച്ച് വിവിധ ആശങ്കകൾ ജന്മമെടുക്കുന്നത് നമ്മൾ കാണുന്നു. ഉള്ളിന്റെയുള്ളിൽ ഇസ്‌ലാമിന്നെതിരിൽ ശത്രുത നിലനില്ക്കുന്നു. ഇത് കാരണത്താൽ ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് ചില അന്യായമായ ആരോപണങ്ങളുണ്ടാകുന്നു. തെറ്റായ വ്യാഖ്യാനങ്ങൾ വിശുദ്ധ ഖുർആനുമായി ചേർത്ത് അവതരിപ്പിക്കുന്നു. തികച്ചും തെറ്റായ രൂപത്തിൽ അതിലെ അധ്യാപനങ്ങൾ സമർപ്പിക്കുന്നു. ഇസ്‌ലാം (അല്ലാഹുവിൽ അഭയം) തീവ്രവാദവും ക്രൂരമായ അധ്യാപനവുമല്ലാതെ മറ്റൊന്നും പഠിപ്പിക്കുന്നില്ലെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇസ്‌ലാം മത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ) (അല്ലാഹുവിൽ അഭയം) അക്രമപരവും കിരാതവുമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്ന ദുർവാദവും ഉന്നയിക്കപ്പെടുന്നുണ്ട്. പുതിയ മസ്ജിദുണ്ടാക്കുമ്പോൾ ശക്തമായ ആശങ്കകൾ പ്രകടിപ്പിക്കുന്നവരുമുണ്ട്. തീവ്രവാദ അധ്യാപനങ്ങൾ ഇതു മുഖേന പാശ്ചാത്യ ലോകത്തെത്തുമെന്ന ഭയവും അവർക്കുണ്ട്.

ഇതിൽനിന്ന് മുസ്‌ലിം ലോകത്തിന്റെ അവസ്ഥ വളരെയധികം ഗുരുതരമാണെന്ന് അംഗീകരിക്കുന്നതിൽ എനിക്ക് ഒരു സങ്കോചവുമില്ല. ചില നാമമാത്ര മുസ്‌ലിമീങ്ങളുടെ പ്രവർത്തന രീതി കാണുമ്പോൾ പ്രസ്തുത ആശങ്കകൾ അസ്ഥാനത്തല്ലെന്നും കാണാം. അതിന്റെ ഫലമായി മതപരമായ ആരാധനകളുടേയും ഇസ്‌ലാമികാധ്യാപനങ്ങളുടേയുംമേൽ ശക്തമായ നിരോധനം വേണമെന്ന ആവശ്യം ഉയരുന്നു. ഇവർ വളരെ കോലാഹലത്തോടെ ഇസ്‌ലാമിന്റെ പ്രചാരണത്തിന്റെമേലും പുതിയ മസ്ജിദ് നിർമാണത്തിന്റെ മേലും നിരോധനം വേണമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. വളരെ വ്യസനത്തോടെ പറയട്ടെ, ഹദ്റത്ത് മുഹമ്മദുനബി(സ)യുടെ അഭിമാനത്തെ ഇകഴ്ത്തിക്കാണിക്കുന്നതും അനുവദനീയമല്ലാത്തതുമായ കഠിനപദങ്ങളിലൂടെ ആക്ഷേപം ഉന്നയിക്കുന്ന ചിലരുമുണ്ട്.

ക്രിസ്തുമതത്തിനുശേഷം ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മതമാണ് ഇസ്‌ലാമെന്ന് കരുതപ്പെടുന്നതായി ഞാൻ സൂചിപ്പിക്കട്ടെ. എന്നാൽ, പാശ്ചാത്യലോകത്ത് വസിക്കുന്ന അധിക ക്രിസ്ത്യാനികളും സ്വന്തം മതമനുസരിച്ച് പ്രവർത്തിക്കുന്നില്ല. മതത്തിൽ തന്നെയും അവർക്ക് ഒട്ടും താൽപര്യമില്ല. ചർച്ചും ഇക്കാര്യം അംഗീകരിക്കുന്നുണ്ട്. വിവിധ മീഡിയാ റിപ്പോർട്ടുകളും ഇക്കാര്യത്തെ ശരിവെക്കുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ പൂർണമായും നിരാകരിക്കുന്നവരാണ് തീർച്ചയായും ഇവരിൽപ്പെട്ട വലിയൊരു വിഭാഗം. ദൈവത്തിൽ വിശ്വസിക്കുന്നു എന്ന വാദം ഉന്നയിക്കുന്നവർ കുറച്ചു പേർ അവരിലുണ്ടെങ്കിലും മതം ദൈവത്തിൽനിന്നു വന്നതാണെന്ന് അംഗീകരിക്കുന്നില്ല. മതത്തിന്റെ ആവശ്യമില്ലെന്ന് ഇവർ മനസ്സിലാക്കുന്നു.

മറുഭാഗത്ത് ഭൂരിപക്ഷം മുസ്‌ലിമീങ്ങളും തങ്ങളുടെ മതവുമായി ആഴത്തിൽ ബന്ധം പുലർത്തുന്നവരുമാണ്. തങ്ങളുടെ മതത്തിന്നെതിരിലോ ഹദ്റത്ത് മുഹമ്മദുനബി(സ)ക്കെതിരിലോ ആരോപിക്കപ്പെടുന്ന കാര്യങ്ങൾ ഇവർക്ക് സഹിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ എതിരാളികൾ മുസ്‌ലിമീങ്ങളുടെ മതപരമായ വികാരങ്ങളെ ആളിക്കത്തിക്കുമ്പോൾ അവരുടെ ഈ പ്രവർത്തി ഒരു നിഷേധാത്മക പ്രതികരണമുണ്ടാക്കുന്നു. ഇത് പിന്നീട് ലോകത്ത് അരാചകത്വവും കുഴപ്പങ്ങളും ഛിദ്രതയും സൃഷ്ടിക്കാൻ ഇടയാക്കുന്നു. മുസ്‌ലിമീങ്ങളുടെ നിഷേധാത്മക പ്രതികരണം തികച്ചും അബദ്ധവും അനുവദനീയമല്ലാത്തതും ആണെന്നതിനോടൊപ്പം മനുഷ്യപ്രകൃതിയുടേയും ബുദ്ധിയുടേയും തേട്ടമനുസരിച്ചുള്ളതുമല്ല. ആരുടെയെങ്കിലും വികാരങ്ങളേയും അനുഭവങ്ങളേയും തെറ്റായ രൂപത്തിൽ ആളിക്കത്തിക്കുമ്പോൾ, അല്ലെങ്കിൽ പ്രേരിപ്പിക്കപ്പെടുമ്പോൾ സ്വാഭാവികമായും അതിനു പ്രതികരണമുണ്ടാകുന്നു.

**ജൽസാ സാലാന, ഖാദിയാൻ 2024**

**ഡിസംബർ 27,28,29 (വെള്ളി, ശനി, ഞായർ)**

ഹദീസുന്നബവി(സ)

'പണ്ഡിതന്മാർ പ്രവാചകന്മാരുടെ അവകാശികളാകുന്നു. അവരുടെ അനന്തരാവകാശമായി അവർ ജ്ഞാനം നൽകുന്നു; അതു അനന്തരാവകാശമായി കിട്ടുന്നവർക്ക് വലിയൊരു സ്വത്താണ് ലഭിക്കുന്നത്.'

TIMBELLA
BEAUTY FROM TIMBER
NILAMBUR

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവി(സ)

'ഒരു മുസ്‌ലിമിനെ ചീത്ത പറയുന്നത് അതിക്രമമാകുന്നു. അവനോടു യുദ്ധം ചെയ്യുന്നത് അവിശ്വാസവുമാകുന്നു.'
(ബു. 2:35)

tectona



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 1 ൽ നിന്ന്

യിരുന്നു അല്ലെങ്കിൽ പുറത്തുനിന്നുള്ള ചികിത്സകൂടാതെ ഒന്നും നടക്കുകയില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവരിൽനിന്നുള്ള അവരുടെ സഹോദരൻ താൻതന്നെ നിങ്ങളെ ചികിത്സിക്കുമെന്നും പുരോഗതിയിലേക്കു കൊണ്ടുപോകുമെന്നും പറഞ്ഞ് വാദിച്ചപ്പോൾ അവരുടെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. അവനെങ്ങനെയാണ് അസംഭവ്യമായകാര്യത്തെ സംഭാവ്യമാക്കുമെന്ന് പറഞ്ഞ് വാദിക്കുന്നത്!

അവരുടെ അത്ഭുതത്തിന് കാരണമായ രണ്ടാമത്തെ കാര്യം ആ വാദിയുടെ വാദം ജനങ്ങളെ ജാഗ്രതപ്പെടുത്തുന്നതിനുവേണ്ടി താൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. അതായത് ചില പഴയ കാര്യങ്ങൾ ഉപേക്ഷിക്കുക. ചില പുതിയ കാര്യങ്ങൾ സ്വീകരിക്കുക. നിലവിലുള്ള വ്യവസ്ഥിതി തകർക്കുക, പുതിയ വ്യവസ്ഥിതി സ്വീകരിക്കുക എന്ന് ദൈവദൂതൻ പറയുന്നത് അത്തരമാളുകൾക്ക് എപ്പോഴും അത്ഭുതകരമായിരിക്കും.

സത്യനിഷേധികളുടെ ഈ രണ്ടു കാര്യങ്ങളും വൈരുദ്ധ്യമാണ്. ഒരു ഭാഗത്ത് അവരിൽ എത്രമാത്രം നിരാശയാണുള്ളതെന്നാൽ, അവർ മനസ്സിലാക്കുന്നത് തങ്ങളുടെ ചികിത്സയ്ക്കായി തങ്ങളിൽ നിന്ന് ആരും വരികയില്ല. മറുഭാഗത്ത് തങ്ങളുടെ വ്യവസ്ഥിതി എന്തിനാണ് മാറ്റുന്നതെന്ന് പറഞ്ഞ് അവർ വഴക്കുണ്ടാക്കുന്നു. ഇതാണ് അധഃപതിച്ച ജനതകളുടെ അവസ്ഥ. ഒന്നും ഉപേക്ഷിക്കേണ്ടിവരരുത്, ഒന്നും ചെയ്യേണ്ടിവരരുതെന്ന് അവർ ആഗ്രഹിക്കുന്നു; ഒരു വ്യക്തി പുറമെനിന്ന് വന്ന് അവരുടെ നിലവിലുള്ള വ്യവസ്ഥിതിയെ നിലനിറുത്തിക്കൊണ്ട് അവരെ പുരോഗതിയിലേക്ക് കൊണ്ടുപോകണം! അവർക്ക് പഠിക്കേണ്ടിവരരുത്, അധ്വാനിക്കുകയും ബുദ്ധിമുട്ടനുഭവിക്കുകകയും ചീത്തക്കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യേണ്ടിവരരുത്. പ്രത്യുത ഒരാൾ പുറമെനിന്ന് വരികയും മറ്റുള്ളവരെ വധിക്കുകയും എല്ലാം അവർക്കു കിട്ടുകയും വേണം. തങ്ങളുടെ ആദ്യത്തെ വ്യവസ്ഥിതി ശരിയായിരുന്നെങ്കിൽ തങ്ങൾ നിന്ദ്യതയിലും അധഃപതനത്തിലും പതിച്ചതെന്തിന്? എന്ന് അവർ വിചാരിക്കുന്നില്ല. അതുകൊണ്ട് അവരുടെ നിലവിലുള്ള വ്യവസ്ഥിതി തകർത്താൽ മാത്രമെ പണി നടക്കുകയുള്ളു. *(തഫ്സീറെ കബീർ വാള്യം 3, പേജ് 16, പ്രസാധനം ഖാദിയാൻ 2010)*

പേജ് 7 ൽ നിന്ന്

എന്റെ പിതാവിനെ തന്റെ വളർത്തു പുത്രൻ എന്നാണ് പറഞ്ഞിരുന്നത്. അദ്ദേഹത്തിന്റെ സൽസ്വഭാവം കാരണം നല്ല രീതിയിലാണ് അദ്ദേഹത്തോടു പെരുമാറിയിരുന്നത്. ഇദ്ദേഹം എഴുതുന്നു: മൗലാനാ സാഹിബ് ഇദ്ദേഹത്തെക്കൊണ്ട് വ്യക്തിപരമായ കാര്യങ്ങളും ചെയ്യിച്ചിരുന്നു. ആരെങ്കിലും അദ്ദേഹത്തിന് വല്ല നേർച്ചയും നൽകിയാൽ അത് ദാറുള്ളിയാഫത്തിൽ കൊടുത്ത് രസീതു വാങ്ങി വരാൻ പിതാവിനോടു പറയുമായിരുന്നു. ഒരു ദിവസം വേനൽക്കാലത്ത് ഹദ്റത്ത് മൗലാനാ രാജേകി സാഹിബ് വീട്ടിൽവന്നു. വാതിലിൽ മുട്ടിവിളിച്ചു. പിതാവ് വീടിനു വെളിയിൽവന്ന് മൗലാനാ സാഹിബിനോടു പറഞ്ഞു: 'ഇത്രയും ചൂടുള്ള സമയത്ത് അങ്ങ് എന്തിനാണ് വന്നത്? എന്നോടു പറഞ്ഞാൽ ഞാൻ വരുമായിരുന്നില്ലേ?' അപ്പോൾ മൗലവി സാഹിബ് മറുപടി പറഞ്ഞു: 'നിങ്ങൾക്ക് പണത്തിന്റെ ആവശ്യമുണ്ടെങ്കിൽ എന്നോടു പറയാമായിരുന്നില്ലേ?' തുടർന്ന് പറഞ്ഞു: 'അല്ലാഹു എന്നോടു കൽപ്പിച്ചുകൊണ്ട് പറഞ്ഞു: 'സത്താദത്തിന് പണത്തിന്റെ ആവശ്യമുണ്ട്, കൊണ്ടുപോയി കൊടുത്തു വരിക.' ഹദ്റത്ത് മൗലാനാ രാജേകി സാഹിബ് പോക്കറ്റിൽനിന്ന് പണമെടുത്ത് കൊടുത്തശേഷം അവിടെ നിന്ന് പോയി. ഇങ്ങനെയുള്ള ബന്ധമായിരുന്നു അദ്ദേഹത്തിന് അല്ലാഹുവുമായി ഉണ്ടായിരുന്നത്. അവൻ നേരിട്ട് തന്റെയൊരു വരിഷ്ഠ ദാസന്റെ മനസ്സിൽ, 'പോയി ഇന്നയാളെ സഹായിക്കൂ' എന്ന് പറയുന്നു.

ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ നിലവാരവും അസൂയാർഹമായിരുന്നു. മുറബ്ബി സാഹിബ് പറയുന്നു: കുറച്ചു കാലം മുമ്പേ ഞാൻ ലീവെടുത്ത് അദ്ദേഹത്തെ കാണാൻ പാക്കിസ്താനിൽ പോയിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില കണ്ടപ്പോൾ കുറച്ചു ദിവസം കൂടി ലീവ് എടുക്കാമെന്ന് പറഞ്ഞു. അപ്പോൾ വളരെ ശക്തമായി എന്നോടു പറഞ്ഞു: മേലിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിക്കുകയോ പറയുകയോ അരുത്. കാലത്തിന്റെ ഖലീഫ നിന്നെ ഒരു ദൗത്യത്തിൽ നിയോഗിച്ചിരിക്കുകയാണ്. അവിടെ ഇരുന്ന് അവസാനശ്വാസം വരെ ജമാഅത്തിനെ സേവിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. യാത്രയിലെപ്പോഴും സ്വലാത്ത് ചൊല്ലാനും **ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്** എന്ന് ചൊല്ലിക്കൊണ്ടിരിക്കാനും എന്റെ സഹോദരീ സഹോദരന്മാരെ ഉപദേശിക്കുമായിരുന്നു.

മുബശ്ശിർ ഗോൻദൽ സാഹിബിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഒരു സംഭവം ഇപ്രകാരം എഴുതുന്നു: 'ബി.എഡ് പരീക്ഷ കൊടുക്കുകയായിരുന്നു. അറബി പേപ്പർ വളരെ പ്രയാസമായിരുന്നു. കോഴ്സിൽനിന്ന് പുറത്തുള്ള കുറെ ചോദ്യങ്ങൾ വന്നിരുന്നു. പിതാവ് പറയുന്നു: കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ അധികം പേപ്പർ വാങ്ങി എഴുതാൻ തുടങ്ങി. അതിനുശേഷം വീണ്ടും പേപ്പർ വാങ്ങി എഴുതിക്കൊണ്ടിരുന്നു. വീണ്ടും പേപ്പറുകൾ വാങ്ങിക്കൊണ്ടിരുന്നു. കൂട്ടുകാർ പറഞ്ഞു: ഞങ്ങൾക്കു തന്ന പേപ്പർതന്നെ മുഴുവൻ എഴുതാൻ കഴിയുന്നുണ്ടായിരുന്നില്ല. നീ എന്താണ് ഈ എഴുതിക്കൂട്ടിയിരുന്നത്? അദ്ദേഹം പറഞ്ഞു: 'എനിക്കറിയാവുന്ന കാര്യങ്ങളൊക്കെ ഞാനെഴുതി. അതിനുശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ***'യാ അയ്ന ഫയ്ളില്ലാഹി വൽ ഇർഫാനി'*** എന്ന ഖസീദയുടെ 70 വരികളും എഴുതിയിട്ടാണ് വന്നത്. ഇത് വായിക്കുന്നവർക്ക് ചുരുങ്ങിയത് തബ്ലീഗെങ്കിലും ആകുമല്ലോ? ഞാൻ പാസാകുമോ ഇല്ലയോ എക്സാമിനർ പാസാക്കുമോ ഇല്ലയോ എന്നൊന്നും അറിയില്ല. എങ്കിലും ഏതോ അഹ്മദി എഴുതിയതാണെന്ന് ബോധ്യപ്പെടുമല്ലോ? അല്ലെങ്കിൽ ഇത് ആരുടെ വരികളാണെന്ന് അന്വേഷിക്കുമല്ലോ? അങ്ങനെ തബ്ലീഗിന് വഴി തുറക്കുന്നതാണ്. ഏതായാലും അല്ലാഹുവും അനുഗ്രഹിച്ചു. ഈ പരീക്ഷയിൽ 3 പേർ മാത്രമാണ് വിജയിച്ചത്. പിതാവ് അവരിലൊരാളായിരുന്നു. ഇത് അല്ലാഹുവിന്റെ ഫള്ലും ഖസീദയുടെ ബർക്കത്തുമാണെന്ന് അദ്ദേഹം പറയുമായിരുന്നു.

നഫ്ലിയായ ഇബാദത്തുകളും നോമ്പുകളും അനുഷ്ഠിക്കാനെപ്പോഴും ശ്രദ്ധിച്ചിരുന്നു. വിശുദ്ധ ഖുർആനോടു സ്നേഹവും തിലാവത്തിൽ പ്രത്യേക താൽപര്യവുമുണ്ടായിരുന്നു. എപ്പോഴും ചില സൂറത്തുകൾ മൂളിക്കൊണ്ടിരിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദ എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കുന്നത് കേട്ടിട്ടുണ്ട്. ഖസീദ ചൊല്ലുമ്പോൾ മിക്കപ്പോഴും അദ്ദേഹം കരയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ സംഭവങ്ങൾ കേൾപ്പിക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ചും ഹദ്റത്ത് മൗലാനാ രാജേകി സാഹിബിന്റെ സംഭവങ്ങൾ തന്റെ ശിഷ്യന്മാർക്ക് കേൾപ്പിച്ചിരുന്നു. ആവേശഭരിതനായ ദാഈ ഇലല്ലാഹ് ആയിരുന്നു. എന്തിനും തയ്യാറായ വ്യക്തിത്വവുമായിരുന്നു. ജമാഅത്തുപരമായ പരിപാടികളിൽ എപ്പോഴും ആവേശപൂർവം പങ്കെടുക്കുമായിരുന്നു.

അല്ലാഹു പരേതനോടു കരുണയോടും പൊറുമയോടുംകൂടി വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖു നൽകുമാറാകട്ടെ. *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

## അനുസ്മരണം

### മൗലവി ടി.എം. മുഹമ്മദു സാഹിബ് റിട്ടയേർഡ് മുറബ്ബിസ്സിൽസില
**(ചേലക്കര, കേരള, ഇന്ത്യാ)**

2024 ഏപ്രിൽ 15-ന് 64-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ*

പരേതന്റെ പിതാമഹൻ ഹസൻകുട്ടി സാഹിബ് ചേലക്കരയിലെ ആദ്യത്തെ അഹ്മദിയായിരുന്നു. പരേതൻ എസ്.എസ്.എൽ.സി പഠനത്തിനുശേഷം 1976-ൽ ഖാദിയാൻ ജാമിഅ അഹ്മദിയായിൽ ചേർന്നു. 1983-ൽ പഠനം പൂർത്തിയാക്കുകയും 1983 മുതൽ 2020 വരെ 37 വർഷം കേരളത്തിലെ വിവിധ ജമാഅത്തുകളിൽ വളരെ ആത്മാർഥതയോടും കൂറോടും കഠിനാധ്വാനത്തോടുംകൂടി സേവനം ചെയ്യാൻ അദ്ദേഹത്തിന് ഭാഗ്യം കിട്ടുകയും ചെയ്തു. എവിടെ നിയമിതനായാലും അവിടെ ആൺകുട്ടികളേയും പെൺകുട്ടികളേയും അത്യുത്സാഹത്തോടെ വിശുദ്ധഖുർആൻ പഠിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ തബ്ലീഗ് ചെയ്യാനുള്ള ഒരു പ്രത്യേക ആവേശമുണ്ടായിരുന്നു. ഒരുപാടു സ്ഥലങ്ങളിൽ തനിച്ച് തബ്ലീഗിനു പോകുമായിരുന്നു. തഹജ്ജുദ് നമസ്കാരവും അഞ്ചുനേരനമസ്കാരവും വളരെ കൃത്യനിഷ്ഠയോടെ നമസ്കരിക്കുമായിരുന്നു. തന്റെ മക്കളേയും അതിന് ഉപദേശിക്കുമായിരുന്നു. ദുആചെയ്യുകയും അല്ലാഹുവിൽ സർവവും സമർപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു. അതിഥി സൽക്കാരത്തിന്റെ ഗുണം അദ്ദേഹത്തിൽ വളരെ വ്യക്തമായിട്ടുണ്ടായിരുന്നു. ഖിലാഫത്തിനോടു ആസക്തപരമായ അഗാധബന്ധമായിരുന്നു. പരേതൻ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ നാലു പെൺമക്കളുണ്ട്. അദ്ദേഹത്തിന്റെ ഒരു മരുമകൻ മൗലവി എസ്. ഷഫീഖ് അഹ്മദ് സാഹിബ് ഇൻചാർജ് മുബല്ലിഗ് എന്ന നിലയിൽ കേരളത്തിലെ കൊല്ലം ജില്ലയിൽ സേവനം ചെയ്തുവരുന്നു. *(അൽഫള്ൽ, 2024 ആഗസ്റ്റ് 13, ചൊവ്വാഴ്ച, വാള്യം 31, ലക്കം 192)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 22 August 2024 Issue-34

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**കഴിഞ്ഞലക്കം പേജ് 10 കോളം മൂന്നിൽ നിന്നു തുടർച്ച:**

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ വശത്തൂടെ നമ്മുടെ സ്ത്രീകൾ തങ്ങളെ വിലയിരുത്തേണ്ടതാവശ്യമാണ്. സ്വന്തം പരിഷ്കരണത്തിലേക്ക് ശ്രദ്ധ ഊന്നേണ്ടത് വളരെ അനിവാര്യമാണ്. വീട്ടിലെ പുരുഷൻ നന്നായാൽ, അവന് ദീനുമായി ബന്ധമുണ്ടായാൽ ഈ സവിശേഷതകൾ സ്വാംശീകരിച്ചാൽ, ഹദ്റത്ത് മസീഹ് മൗഊദ്[അ] വിവരിച്ച കാര്യങ്ങളിൽ ശ്രദ്ധ ഊന്നിയാൽ സ്ത്രീകളുടേയും കുട്ടികളുടേയും പരിഷ്കരണം ഉണ്ടാകുമെന്ന കാര്യം ശരിയാണ്. എങ്കിലും പുരുഷന്മാരിൽ ദൗർബല്യങ്ങളുണ്ടെങ്കിൽ നമുക്കുനമ്മെ നശിപ്പിക്കാൻ കഴിയില്ല, നമ്മുടെ തലമുറകളെ നശിപ്പിക്കാൻ കഴിയില്ല. സ്ത്രീകൾ സ്വയം ഈ രംഗത്ത് വരേണ്ടതുണ്ട്. സ്വന്തം വീടുകളെ സംരക്ഷിക്കേണ്ടതുണ്ട്. നബി[സ]തിരുമേനിയും പറയുന്നു: സ്ത്രീ വീടിന്റെ കാവലാളാണ്. കുട്ടികളുടെ ശിക്ഷണ ഉത്തരവാദിത്വം സ്ത്രീകളുടെ മേലാണ്. അവൾ ചോദിക്കപ്പെടും. ഉന്നതനായ അല്ലാഹു പിതാവിനേക്കാൾ മൂന്നിരട്ടി അവകാശം മാതാവിന് വെറുതേ നല്കിയതല്ല. ഇതിനു കാരണമുണ്ട്. മാതാവിന് പിതാവിനേക്കാൾ കൂടുതൽ ഈ അവകാശം മൂന്നിരട്ടി എന്തുകൊണ്ട് നല്കപ്പെട്ടു? സ്ത്രീകളുടെ കാലിനുകീഴിൽ സ്വർഗം ലഭിക്കുമെന്നുള്ള ജാമ്യം കേവലം മാതാവായതുകൊണ്ടല്ല നല്കപ്പെട്ടത്. പ്രത്യുത, ഇക്കാര്യങ്ങൾക്കെല്ലാം ചില അനിവാര്യതകളുണ്ട്. ചില സവിശേഷതകളുണ്ട്. മാതാവിൽ അർപിതമായ ചില ഉത്തരവാദിത്വങ്ങളുണ്ട്. ഇവ നിർവഹിച്ചതിനുശേഷം മാത്രമേ, ഈ സ്ഥാനങ്ങളെല്ലാം ലഭിക്കുകയുള്ളൂ.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: പ്രായപൂർത്തിയിലെത്തുന്ന, ബുദ്ധിപരമായി പക്വത പ്രാപിക്കുന്ന യുവതികളായ പെൺകുട്ടികൾ ഇൻശാ അല്ലാഹ് മാതാക്കളും ആകേണ്ടവരാണ്. തങ്ങളുടെ സ്ഥാനമെന്താണെന്ന് അവരിപ്പോൾ മുതലേ ആലോചിക്കേണ്ടതാണ്. ഏതെല്ലാം തരത്തിലുള്ള ഉത്തരവാദിത്വങ്ങളാണ് അർപിതമാകുന്നതെന്ന് ചിന്തിക്കുക. ഒരു ഭാഗത്ത് നന്മയുള്ളതും സൗഭാഗ്യം നിറഞ്ഞതുമായ ജീവിതത്തിനുവേണ്ടിയും നല്ല ഭർത്താക്കന്മാരെ ലഭിക്കാൻവേണ്ടിയും പ്രാർഥിക്കേണ്ടതുണ്ട്. മറുഭാഗത്ത് ഭാവിയിൽ വരാൻ പോകുന്ന സ്വന്തം ഉത്തരവാദിത്വങ്ങളെ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറായി ഇരിക്കേണ്ടതുമാണ്. വിവാഹം കഴിഞ്ഞ സ്ത്രീകളാണെങ്കിലും മക്കളുള്ള മാതാക്കളാണെങ്കിലും പെൺകുട്ടികളാണെങ്കിലും ശരി അവരെല്ലാം സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കാതിരുന്നാൽ ഒരു ഭാഗത്ത് സ്വാതന്ത്ര്യത്തിന്റെ പേരിൽ ലജ്ജയില്ലായ്മ നടമാടുന്ന അന്തരീക്ഷത്തിൽ ജീവിച്ചുകൊണ്ട് മതകാര്യങ്ങൾ മനസ്സിലാക്കാത്ത കാരണത്താൽ ദൈവത്തിൽ നിന്ന് അകന്നുപോകുന്നതാണ്. മറുഭാഗത്ത് ദൈവാസ്തിക്യത്തെ കുറിച്ച് സംശയങ്ങളും വെളിപ്പെടുന്നു. അല്ലെങ്കിൽ ദൈവാസ്തിക്യത്തെ തന്നെ നിഷേധിക്കുന്നവരായി മാറുന്നു. പിന്നീട് നിങ്ങൾ മതവുമായി ബന്ധപ്പെട്ട് നിൽക്കുമെന്നതിന് ഒരുവിധ ജാമ്യവുമില്ല. ഭാവി തലമുറകൾ മതവുമായി ബന്ധപ്പെട്ട് നിൽക്കുമെന്നതിനും ഒരുവിധ ജാമ്യവും ലഭിക്കില്ല.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: പുരുഷന്മാർ കൂടുതൽ വഴികേടിലാണെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അവരുടെ സംസ്കരണത്തിലേക്ക് ശ്രദ്ധ ഊന്നുക. പുരുഷന്മാരോടും ഈ രംഗത്ത് പരിശ്രമിക്കാൻ പറയുന്നുണ്ട്. എന്നിട്ടും ഏതെങ്കിലും ദൗർഭാഗ്യനായ പുരുഷന് തന്റെ സംസ്കരണത്തെ കുറിച്ച് വിചാരമുണ്ടാകുന്നില്ലെങ്കിൽ ഭൗതികതയുടെ സൗന്ദര്യങ്ങളാണ് എല്ലാമെന്ന് ധരിക്കുന്നതെങ്കിൽ 'തന്റെ ഭാര്യാ മക്കളുടെ കടമകൾ നിർവഹിക്കുന്നില്ലെങ്കിൽ അവരുടെ കാര്യം പിന്നെ ദൈവത്തിന്റെ നടപടിക്ക് വിധേയമാണ്. ജമാഅത്തുപരമായ വ്യവസ്ഥിതിയുടെ കണ്ണുകളിൽ പൊടിയിട്ടുകൊണ്ടും വഞ്ചന കാണിച്ചുകൊണ്ടും ഒരുപക്ഷേ, അവർ രക്ഷപെടും. എന്നാൽ, അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് അവർക്ക് രക്ഷപെടാൻ കഴിയില്ല. അവരുടെ ഉത്തരവാദിത്വങ്ങൾ അവർ നിർവഹിക്കേണ്ടതാണ്. എന്നാൽ, ഇക്കാരണത്താൽ സ്ത്രീകൾക്ക് സ്വന്തം ഉത്തരവാദിത്വങ്ങൾ മറക്കാൻ കഴിയുകയില്ല. മുമ്പേ ഞാൻ സൂചിപ്പിച്ചതുപോലെ മൗനംപാലിച്ചിരിക്കാൻ കഴിയില്ല. പുരുഷന്മാർ സ്വന്തം ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാതിരിക്കുമ്പോൾ തങ്ങളെന്തിന് എപ്പോഴും ചിന്താകുലരായിരിക്കണമെന്ന് നോക്കി നിശബ്ദമായി തമാശ കാണുന്നവരാകാൻ നിങ്ങൾക്ക് കഴിയില്ല.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ജമാഅത്തിലെ സ്ത്രീകളുടെ ഒരുഭാഗം ദുർബലരായിരിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് മറ്റൊരുഭാഗം സ്വന്തം ഉത്തരവാദിത്വങ്ങളിൽ ശ്രദ്ധയൂന്നണമെന്നതിനാണ് ഹദ്റത്ത് മുസ്്ലിഹ് മൗഊദ്[റ] ലജ്നാ ശാഖാ സംഘടന സ്ഥാപിച്ചത്. സ്ത്രീകൾ ശ്രദ്ധ പുലർത്തുകയാണെങ്കിൽ ഭാവി തലമുറയിലെ സ്ത്രീ പുരുഷന്മാർ അല്ലാഹു നിശ്ചയിച്ചു തന്നിട്ടുള്ള മാർഗങ്ങളിൽ വരുന്നതായിരിക്കും.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: തബ്്ലീഗിനേക്കാൾ ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കേണ്ടത് ഇക്കാലത്ത് വളരെ അനിവാര്യമാണെന്ന് കുറച്ചുകാലം മുമ്പേ ഞാൻ ജർമനി ലജ്നാ സ്വദ്റിനോടു പറഞ്ഞിരുന്നു. ആദ്യം തങ്ങളുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കുക. തങ്ങളുടെ പ്രവർത്തനപരമായ അവസ്ഥകൾ നന്നാക്കുക. എന്നാൽ, തബ്്ലീഗ് രംഗം സ്വയമേവ തുറക്കപ്പെടുന്നതായിരിക്കും. ഇതിൽ നിന്ന് ആരും വിശിഷ്യാ പുരുഷന്മാർ തങ്ങളുടെ കർമപരമായ മാതൃകയും ശിക്ഷണവും മികച്ചതാണെന്നും സ്ത്രീകൾക്കുമാത്രമെ സംസ്കരണത്തിന്റെ ആവശ്യമുള്ളൂവെന്നും അർഥം കൽപ്പിക്കരുത്. ഞാൻ മുമ്പേയും സൂചിപ്പിച്ചതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്[അ] വിവരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ പുരുഷന്മാരുടെ കർമപരമായ അവസ്ഥ തൃപ്തികരമാണെന്ന് കരുതിയിരിക്കരുത്. ഞാൻ നിങ്ങളെ സംബോധനചെയ്യുമ്പോൾ പുരുഷന്മാരും എന്റെ വാക്കുകൾ കേൾക്കുന്നുണ്ട്. അവരും സ്വയമേവ വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്. അതിന് വളരെയധികം ആവശ്യമുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ സമയത്ത് ഞാൻ സ്ത്രീകളെ അഭിമുഖീകരിച്ചാണ് സംസാരിക്കുന്നത്. സ്ത്രീകൾക്ക് അടുത്ത തലമുറയുടെ ശിക്ഷണം വളരെ നല്ല രൂപത്തിൽ ചെയ്യാൻ സാധിക്കും. അതുകൊണ്ട് ഞാൻ കുടുതൽ ചിന്താകുലനായി നിങ്ങളുടെമേൽ ഉത്തരവാദിത്വം ഇടുകയാണ്. പുരുഷന്മാർ ഒരുവിധ ശുഭചിന്തയിലും പെട്ടുപോകേണ്ട ആവശ്യമില്ല. നിങ്ങളും അസ്വസ്ഥരാകേണ്ടതില്ല. എല്ലാ പോരായ്മകളും സ്ത്രീകളിൽ മാത്രമാണെന്നും വിചാരിക്കേണ്ടതില്ല. ഓരോരുത്തരും അവരവരുടെ കർമങ്ങൾക്ക് മറുപടി നല്കേണ്ടവരാണ്. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുമ്പോൾ ഓരോരുത്തരും തങ്ങളുടെ കർമങ്ങൾക്ക് മറുപടി പറയേണ്ടി വരും. അതുകൊണ്ട് ഓരോരുത്തരും സ്വന്തം വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത വിലയിരുത്തലുകളുടെ ഏറ്റവും ചുരുങ്ങിയ നിലവാരത്തെ കുറിച്ചുള്ള സംക്ഷിപ്ത വിവരണം ഞാൻ ഹദ്റത്ത് മസീഹു മൗഊദിന്റെ[അ] വാക്കുകളിൽ വിവരിച്ചു കഴിഞ്ഞു.

നമ്മളിലോരോരുത്തരും ഈയൊരു കാര്യങ്ങൾ മുന്നിൽവച്ചാൽ കർമപരമായ സംസ്കരണം ഉന്നതിയിൽനിന്ന് ഉന്നതിയിൽ പൊയ്ക്കൊണ്ടിരിക്കും. ചില അടിസ്ഥാന കാര്യങ്ങൾ വീണ്ടും ഞാൻ നിങ്ങളുടെ മുന്നിൽ ആപേക്ഷികമായി തുറന്ന് വിവരിക്കുകയാണ്.

ഹുദൂറിന്റെ ഈ പ്രഭാഷണത്തിന്റെ പൂർണ രൂപം ക്രമേണ പിന്നീട് പ്രത്യേകം പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഈ പ്രഭാഷണം 01.20 വരെ നീണ്ടു. അതിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ലജ്നാ- നാസ്വിറാത്ത് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി അറബി, ഉർദു, ജർമൻ, ഇംഗ്ലീഷ്, പേർഷ്യൻ, തുർക്കി, ബംഗ്ല, ഇറ്റാലിയൻ, കാശ്മീരി ഭാഷകളിൽ പ്രാർഥനാ ഗീതങ്ങളും സംഘം ചേർന്ന് കവിതകളും ആലപിച്ചു.

01.45- ന് ഹുദൂർ പുരുഷന്മാരുടെ ജൽസാ ഗാഹിൽ പോയി. ള്വുഹ്ർ- അസ്വ്ർ നമസ്കാരങ്ങൾ ജംആയി ഹുദൂറിന്റെ നേതൃത്വത്തിൽ നടന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

• പരിപാടിയനുസരിച്ച് 04.00 മണിക്ക് ഹുദൂർ പുരുഷന്മാരുടെ ജൽസാ ഗാഹിൽ വന്നു. ജർമൻ ജനതയുമായുള്ള ഒരു പരിപാടിയിൽ ഹുദൂർ പങ്കെടുത്തു. ജർമനിയിലെ വിവിധ നഗരങ്ങളിൽ നിന്നും പ്രദേശങ്ങളിൽനിന്നും വന്ന അതിഥികൾ പങ്കെടുക്കുന്ന ഒരു പരിപാടി കുറച്ച് മുമ്പേ ഹാളിൽ പുരോഗമിക്കുന്നുണ്ടായിരുന്നു.

**ശേഷം പേജ് 10 ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin